VOL NO: 05 | ISSUE 08
www.nerpatham.com
mail@nerpatham.com

2021 FEBRUARY 20 | ₹12

# നേർപഥം
വാരിക

# നരബലിയിലെ മതവും വിമർശനങ്ങളിലെ കക്ഷിത്വവും

അന്ധവിശ്വാസത്തിലകപ്പെട്ടും മാനസികാസ്വാസ്ഥ്യം മൂലവും സ്വന്തം മക്കളെ അരുംകൊല ചെയ്ത, രണ്ട് വാർത്തകൾ മനഃസാക്ഷിയെ അലോസര പ്പെടുത്താത്ത ആരും തന്നെയുണ്ടാവില്ല. എന്നാൽ കുറ്റകൃത്യങ്ങളിലും ജാതിയും മതവും ചികഞ്ഞ് വർഗീയത വളർത്താൻ ശ്രമിച്ചവരുടെയും ഇസ്‌ലാംവെറുപ്പിന്റെ തീക്ഷ്ണതയിൽ സമൂഹമാധ്യമങ്ങളിൽ കളവുകളുടെ ഗോപുരം പണിതവരുടെയും മനോവൈകൃതം ആരും ചർച്ച ചെയ്തുകണ്ടില്ല. യഥാർഥത്തിൽ ഭ്രാന്തിന്റെ ഒരേ ആലയിൽ ബന്ധിക്കേണ്ട മനുഷ്യമൃഗങ്ങളാണിവരെല്ലാം.

- **ആരാധനകളിലെ ബിദ്അത്ത്**



**ഭാഗ്യശാലികളുടെ അടയാളം**

**നിർഭയജീവിതം നഷ്ടപ്പെടുത്തുന്ന വ്യർഥവാദങ്ങൾ**

**സമ്പത്തുണ്ടാക്കാൻ കുറുക്കുവഴികൾ തേടുന്നവർ**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# 0214

# നേർപഥം

വാരിക

2021 ഫെബ്രുവരി 20

1442 റജബ് 08

പുസ്തകം 05 /ലക്കം 08

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








## നരബലിയിലെ മതവും വിമർശനങ്ങളിലെ കക്ഷിത്വവും
**മുജീബ് ഒട്ടുമ്മൽ** 10

05
**മുഖമൊഴി**
ഭാഗ്യശാലികളുടെ അടയാളം
എഡിറ്റർ

06
**ചരിത്രപഥം**
ഉപദ്രവം പലവിധം
ഹുസൈൻ സലഫി, ഷാർജ

16
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

18
**ലേഖനം**
ഇസ്‌ലാം, സ്ത്രീ,
അനന്തരാവകാശം
ശബീബ് സ്വലാഹി

21
**വിമർശനം**
നിർഭയജീവിതം
നഷ്ടപ്പെടുത്തുന്ന വ്യർഥവാദങ്ങൾ
മൂസ സ്വലാഹി, കാര

25
**ജാലകം**
അതിജീവന കല
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

26
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ
സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

31
**വിവർത്തനം**
ആരാധനകളിലെ ബിദ്അത്ത്
ഡോ. സ്വാലിഹ് ബിൻ ഫൗസാൻ

34
**നമുക്ക് ചുറ്റും**
സമ്പത്തുണ്ടാക്കാൻ കുറുക്കുവഴി
കൾ തേടുന്നവർ
ടി.കെ.അശ്റഫ്

ചലനങ്ങൾ

# ആരാധനാലയ നിർമാണം; മന്ത്രിസഭാതീരുമാനം സ്വാഗതാർഹം: വിസ്ഡം

കോഴിക്കോട്: മതപരമായ ആവശ്യത്തിനും ആരാധനക്കും വേണ്ടിയുള്ള കെട്ടിടം നിർമിക്കുന്നതിനോ പുനർനിർമിക്കുന്നതിനോ അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കാനുള്ള മന്ത്രിസഭായോഗത്തിന്റെ തീരുമാനം സ്വാഗതാർഹമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം അഭിപ്രായപ്പെട്ടു.

ആരാധനാലയങ്ങളുടെ നിർമാണത്തിന് കളക്ടറുടെ അനുമതി വേണമെന്ന നിലവിലുള്ള വ്യവസ്ഥ പലപ്പോഴും സാങ്കേതിക കുരുക്കിൽ പെട്ട് വലിയ പ്രയാസം നേരിടുന്ന സാഹചര്യത്തിലാണ് മന്ത്രിസഭയുടെ പുതിയ തീരുമാനം ആശ്വാസമാകുന്നതെന്ന് യോഗം വിലയിരുത്തി. പലപ്പോഴും വ്യാജ പരാതികളിൽ തടഞ്ഞ് നിർമാണം നിലച്ചുപോവുകയാണ് പതിവ്. നിർമാണത്തിലിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരാതി നൽകി വിലപേശുന്ന റാക്കറ്റുതന്നെ പല നഗരങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ആരാധനാ സ്വാതന്ത്ര്യം വകവെച്ചുനൽകുന്ന ഭരണഘടനയുടെ അന്തസ്സത്തയെ ചോദ്യം ചെയ്യുന്ന സാഹചര്യമായിരുന്നു ഇതുമൂലം നിലവിലുണ്ടായിരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ വിവിധ മതനേതാക്കൾ ഈ പ്രശ്നം ഉയർത്തിക്കാണിച്ചിട്ടുണ്ടായിരുന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ രണ്ടുതവണ മുഖ്യമന്ത്രിയെ നേരിൽകണ്ട് നിവേദനം നൽകുകയും ബന്ധപ്പെട്ട യോഗങ്ങളിൽ ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു.

പഞ്ചായത്ത് സെക്രട്ടറിയും ഭരണസമിതികളും നിയമാനുസൃതമായി ആരാധനാലയങ്ങൾ അനായാ സം നിർമിക്കാൻ സാധിക്കുംവിധം പുതിയ ചട്ടം കൈകാര്യം ചെയ്യാൻ മനസ്സ് കാണിക്കുമ്പോഴാണ് മന്ത്രിസഭാതീരുമാനം പ്രായോഗികമായി ഫലം ചെയ്തുവെന്ന് ഉറപ്പിക്കാനാവൂ എന്നും യോഗം ഓർമിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹാരിസ്ബ്നു സലീം, ഹുസൈൻ കാവനൂർ, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ് തുടങ്ങിയവർ പങ്കെടുത്തു.

## സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള നിയമനം സുതാര്യമാകണം: വിസ്ഡം യൂത്ത്

മുക്കം: 'കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി സ്വതന്ത്രമായ നിയമനാധികാരമുള്ള പബ്ലിക് സർവീസ് കമ്മീഷനെ നോക്കുകുത്തിയാക്കിയുള്ള സർക്കാർ മേഖലകളിലെ പിൻവാതിൽ നിയമനം' എന്ന ആരോപണം ഗൗരവമുള്ളതാണെന്നും നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്താൻ അധികൃതർ തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച തൊഴിൽ മാർഗനിർദേശക സംഗമം അഭിപ്രായപ്പെട്ടു. ബിരുദവും ബിരുദാനന്തര ബിരുദവും ട്രെയ്നിംഗുമെല്ലാം പൂർത്തിയാക്കി തൊഴിലിനുവേണ്ടി പി.എസ്.സി പരീക്ഷയ്ക്കായി കഠിനാധ്വാനംചെയ്ത് കാത്തിരിക്കുന്നവരും യോഗ്യതനേടിയവരുമായ പതിനായിരക്കണക്കിന് യുവാക്കളുടെ പ്രതീക്ഷയെ തകർക്കുന്ന സമീപനങ്ങളിൽനിന്ന് ഭരണാധികാരികൾ മാറണം.

സങ്കുചിത കക്ഷിതാൽപര്യങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ അടിച്ചേൽപിക്കുന്നതും അതിന് ഭരണകൂടം ഒത്താശ ചെയ്യുന്നതും ജനാധിപത്യത്തിന് ഭൂഷണമല്ലന്നിരിക്കെ അത്തരം ആരോപണങ്ങളുടെ നിജസ്ഥിതി പുറത്ത് കൊണ്ടുവരാൻ അധികൃതർ തയ്യാറാകണം. മുഖ്യമന്ത്രിക്ക് കീഴിലെ സിഡിറ്റിൽ ജോലി ചെയ്യുന്ന 114 കരാർജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനം പുനഃപരിശോധിക്കണം.

രണ്ട് ദിവസത്തെ വിസ്ഡം യൂത്ത് തൊഴിൽ മാർഗനിർദേശക ക്യാമ്പ് വിസ്ഡം സംസ്ഥാന സെക്രട്ടറി ഹുസൈൻ കാവനൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് ഗൈഡൻസ് വിംഗ് സംസ്ഥാന കൺവീനർ സി.അബ്ദുറഹ്മാൻ ചുങ്കത്തറ അധ്യക്ഷനായിരുന്നു. വി. അബ്ദുല്ലത്വീഫ്, അബ്ദുൽ നസീർ മാസ്റ്റർ, മുനീർ മാസ്റ്റർ, ഇർഫാൻ വി.കെ, സുഹൈൽ പ്രസംഗിച്ചു.

മുഖമൊഴി

# ഭാഗ്യശാലികളുടെ അടയാളം

നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം നടക്കുന്ന ഇടമാണ് മനുഷ്യമനസ്സ്. പൊതുവെ തിന്മയോടാണ് മനുഷ്യമനസ്സ് ആഭിമുഖ്യം പ്രകടിപ്പിക്കുക. തിന്മ ചെയ്തു കഴിഞ്ഞാലോ കുറ്റബോധമുണ്ടാവുകയും ചെയ്യും. എന്നാൽ വീണ്ടും അതേ തെറ്റിലേക്കു മടങ്ങാൻ അവൻ വെമ്പൽ കൊള്ളുകയും ചെയ്യും.

ഏതൊരു തെറ്റും ആത്യന്തികമായി സ്വന്തത്തോടുതന്നെ ചെയ്യുന്ന അക്രമമാണ്. കാരണം അതിന്റെ പരിണിതഫലം അവൻ പരലോകത്ത് അനുഭവിക്കേണ്ടിവരും; മറ്റാരും അത് ഏറ്റെടുക്കില്ല.

“...വല്ലവനും വഴിപിഴച്ച് പോകുന്ന പക്ഷം തനിക്ക് ദോഷത്തിനായിതന്നെയാണ് അവൻ വഴിപിഴച്ചു പോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല...”(ക്വുർആൻ 17:15).

പാപത്തിൽ അങ്ങേയറ്റം മുഴുകുകയും പശ്ചാത്തപിച്ച് തെറ്റുകളിൽനിന്ന് മടങ്ങുകയും ചെയ്യാത്തവർക്ക് ശാശ്വതമായ നരകം ഉറപ്പാണ്: “അങ്ങനെയല്ല. ആർ ദുഷ്കൃത്യം ചെയ്യുകയും പാപത്തിന്റെ വലയത്തിൽ പെടുകയും ചെയ്യുന്നുവോ അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും” (2:81).

സമൂഹത്തിൽ നടമാടുന്ന തെറ്റുകുറ്റങ്ങളിൽ അകപ്പെടാതെ ജീവിക്കുക എന്നത് വലിയ വെല്ലുവിളിയാണ്. അതിന് അപാരമായ മനശ്ശക്തിയും വിശ്വാസദൃഢതയും അനിവാര്യമാണ്. മരണം, പരലോകം എന്നീ യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമെന്ന പൂർണമായ ബോധം തെറ്റുകളിൽനിന്ന് അകന്നു നിൽക്കാൻ സഹായിക്കുമെന്നതിൽ സംശയമില്ല.

സ്വയം നന്നായി ജീവിക്കുക എന്നത് മറ്റുള്ളവർക്ക് നൽകുന്ന മികച്ച സന്ദേശമാണ്. ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമസ്വഭാവങ്ങൾ സാധ്യമാകുന്നത്ര ജീവിതത്തിൽ പകർത്തുന്നവന് ഏതു രംഗത്തും ഏതു വിധത്തിലുള്ള പരീക്ഷണങ്ങളെയും എതിർപ്പുകളെയും മറികടക്കാൻ സാധിക്കുമെന്നുറപ്പാണ്. തിന്മയെ നന്മകൊണ്ട് നേരിടാൻ അത്തരക്കാർക്ക് കഴിയും.

“നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിൻമയെ)പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല” (ക്വുർആൻ 41:34).

തിന്മയെ തിന്മകൊണ്ട് നേരിടുക എന്നത് എളുപ്പമുള്ള കാര്യമാണ്. എന്നാൽ തിന്മയെ നന്മകൊണ്ട് നേരിടുക എന്നത് അത്ര എളുപ്പമല്ല. അതിന് അങ്ങേയറ്റം ക്ഷമിക്കാനുള്ള കഴിവു വേണം. മുഖത്തുനോക്കി ചീത്ത പറഞ്ഞയാളെ തിരിച്ചും ചീത്തവിളിക്കുക എന്നത് എളുപ്പമുള്ള കാര്യമാണ്. എന്നാൽ തന്നെ മറ്റുള്ളവർക്കു മുമ്പിൽ അപമാനിക്കും വിധം ചീത്തവിളിച്ചയാളെ തിരിച്ചു ചീത്തവിളിക്കാതിരിക്കാൻ കഴിയുക ക്ഷമാലുവായ വിശ്വാസിക്കാണ്. അല്ലാഹു ക്ഷമാലുക്കളുടെ കൂടെയാണ് എന്ന തിരുവചനം അവന് സ്ഥൈര്യം നൽകുന്നു. അവിടെ അവൻ തന്റെ ഈഗോ മാറ്റിവെക്കുന്നു. ദേഷ്യം അടക്കിവെക്കുന്നു. മനസ്സിനെ നിയന്ത്രിക്കുന്നു. മറ്റുള്ളവർ തന്നെ കഴിവുകെട്ടവൻ എന്ന് ആക്ഷേപിക്കുമല്ലോ എന്ന് ചിന്തിക്കാതിരിക്കുന്നു. ഒരു പുഞ്ചിരിയോടെ മാന്യമായി അയാളോട് പ്രതികരിക്കുകകൂടി ചെയ്താൽ അതോടെ അപമാനിതനായി തലതാഴ്ത്തേണ്ടിവരിക അപരനാണ്.

“അതല്ല, തിന്മകൾ പ്രവർത്തിച്ചവർ വിചാരിച്ചിരിക്കുകയാണോ; അവരെ നാം വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ, അതായത് അവരുടെ (രണ്ടുകൂട്ടരുടെയും) ജീവിതവും മരണവും തുല്യമായ നിലയിൽ ആക്കുമെന്ന്? അവർ വിധികൽപിക്കുന്നത് വളരെമോശം തന്നെ” (ക്വുർആൻ 45:21).




ചരിത്രപഥം

# ഉപദ്രവം പലവിധം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

നബിﷺ നമസ്കരിച്ചുകൊണ്ടിരിക്കെ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാലകൾ ശത്രുക്കൾ കഴുത്തിൽ ചാർത്തിയ സംഭവം നാം വായിച്ചു. മറ്റൊരു സംഭവം നോക്കൂ:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അബൂജഹ്ൽ ചോദിച്ചു: 'മുഹമ്മദ് നിങ്ങളുടെ മുന്നിൽവെച്ച് അവന്റെ മുഖം നിലത്ത് കുത്താറുണ്ടോ?' അപ്പോൾ പറയപ്പെട്ടു: 'അതെ.' അപ്പോൾ അവൻ പറഞ്ഞു: 'ലാത്തയും ഉസ്സയും തന്നെയാണ് സത്യം, അവൻ അങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടാൽ അവന്റെ പിരടിയിൽ ഞാൻ ചവിട്ടുകതന്നെ ചെയ്യുന്നതാണ്. അല്ലെങ്കിൽ അവന്റെ മുഖത്തെ ഞാൻ മണ്ണിൽ പൂഴ്ത്തുന്നതാണ്.' (അബൂഹുറയ്റ(റ) പറഞ്ഞു:) 'അങ്ങനെ അവൻ അല്ലാഹുവിന്റെ റസൂൽﷺ നമസ്കരിച്ചുകൊണ്ടിരിക്കെ (നബിﷺയുടെ അടുത്തേക്ക്) ചെന്നു. (അങ്ങനെ) അവിടുത്തെ പിരടിയിൽ ചവിട്ടാനായി അവൻ മുന്നോട്ട് വന്നു. അപ്പോൾ അവൻ അവന്റെ ഇരു കാലുകളും പിന്നോട്ട് വലിച്ചതും അവന്റെ ഇരു കൈകൾകൊണ്ടും (രക്ഷപ്പെടാൻ വേണ്ടി) സൂക്ഷിക്കുന്നതുമല്ലാതെ അവനിൽ നിന്ന് അവരെ

അമ്പരപ്പിച്ചില്ല.' (അബൂഹുറയ്റﷺ പറഞ്ഞു: അപ്പോൾ അവനോട് പറയപ്പെട്ടു: 'എന്തുപറ്റി?' അവൻ പറഞ്ഞു: 'എനിക്കും അവനും (നബിക്കും) ഇടയിൽ തീയാലുള്ള ഒരു കിടങ്ങും ഭയാനകരൂപങ്ങളും ചിറകുകളും (ഞാൻ കണ്ടു).' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അവൻ എന്നോട് (അതിനായി) അടുത്തിരുന്നുവെങ്കിൽ മലക്കുകൾ അവനെ കഷ്ണം കഷ്ണമായി റാഞ്ചിക്കൊണ്ടു പോകുക തന്നെ ചെയ്യുമായിരുന്നു.' (അബൂഹുറയ്റﷺ പറഞ്ഞു:) അപ്പോൾ അല്ലാഹു, "നിസ്സംശയം മനുഷ്യൻ ധിക്കാരിയായിത്തീരുന്നു; തന്നെ സ്വയംപര്യാപ്തനായി കണ്ടതിനാൽ. തീർച്ചയായും നിന്റെ രക്ഷിതാവിലേക്കാണ് മടക്കം. വിലക്കുന്നവനെ നീ കണ്ടുവോ? ഒരു അടിയനെ, അവൻ നമസ്കരിച്ചാൽ. അദ്ദേഹം സൻമാർഗത്തിലാണെങ്കിൽ, (ആ വിലക്കുന്നവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ? അഥവാ അദ്ദേഹം സൂക്ഷ്മത കൈക്കൊള്ളാൻ കൽപിച്ചിരിക്കുകയാണെങ്കിൽ. അവൻ (ആ വിലക്കുന്നവൻ) നിഷേധിച്ചുതള്ളുകയും തിരിഞ്ഞുകളയുകയും ചെയ്തിരിക്കയാണെങ്കിൽ (അവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ? (അബൂജ്ഹൽ ആണ് ഉദ്ദേശിക്കപ്പെടുന്നത്) അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്? നിസ്സംശയം,; അവൻ വിരമിച്ചിട്ടില്ലെങ്കിൽ നാം ആ കുടുമ പിടിച്ചു വലിക്കുകതന്നെ ചെയ്യും. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ. എന്നിട്ട് അവൻ അവന്റെ സഭയിലുള്ളവരെ വിളിച്ചുകൊള്ളട്ടെ. നാം സബാനിയത്തിനെ (ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ) വിളിച്ചുകൊള്ളാം. നിസ്സംശയം; നീ അവനെ അനുസരിച്ചുപോകരുത്, നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക" (അൽഅലക് 6-19) എന്ന വചനങ്ങൾ ഇറക്കി" (മുസ്‌ലിം).

അബൂജഹ്ൽ മക്കക്കാരോട് ചോദിച്ചത് കണ്ടില്ലേ? 'മുഹമ്മദ് അവന്റെ മുഖത്തെ നിങ്ങളുടെ മുന്നിൽ വെച്ച് നിലത്ത് കുത്താറുണ്ടോ' എന്ന്! സുജൂദ് ചെയ്യുക എന്ന മഹത്തായ ആരാധനാകർമത്തെയാണ് അവൻ പരിഹസിച്ചത്. അബൂജഹ്‌ലിന്റെ ചോദ്യം കേട്ടവരിൽനിന്ന് 'അതെ' എന്ന ഉത്തരവും വന്നു. അപ്പോൾ ശപിക്കപ്പെട്ട അവൻ പറഞ്ഞത് ഇനി അപ്രകാരം ചെയ്യുന്നത് ഞാൻ കണ്ടാൽ അവന്റെ പിരടിയിൽ ഞാൻ ചവിട്ടും, അല്ലെങ്കിൽ അവന്റെ മുഖത്തെ ഞാൻ മണ്ണിൽ പൂഴ്ത്തിക്കളയും' എന്നാണ്. ആ വീരവാദം നടപ്പിലാക്കാനായി അവൻ നബിﷺ നമസ്കാരത്തിലായിരിക്കെ നബിയുടെ അടുത്തേക്ക് ചെന്നു. ആ സന്ദർഭത്തിൽ അവൻ ഒരു ഭീകരമായ രംഗം കാണുകയുണ്ടായി. അതായത്, അഗ്നിയാലുള്ള ഒരു വൻ കിടങ്ങും ഭീകരരൂപങ്ങളും ചിറകുകളും! അത് കണ്ടതും അവൻ പുറകോട്ട് മാറി. അതിനെ തടുക്കുവാൻ കൈകൊണ്ട് അവൻ ശ്രമിക്കുന്നുമുണ്ട്. അവൻ കണ്ട കാഴ്ചകൾ മറ്റുള്ളവർ കാണുന്നില്ലായിരുന്നു. അതിനാൽതന്നെ എല്ലാവർക്കും അബൂജഹ്‌ലിന്റെ ഈ പുറകോട്ട് വലിയൽ കണ്ട് ഉത്കണ്ഠയും ആശ്ചര്യവും ഉണ്ടായി.

'അവൻ എന്നെ ചവിട്ടാനായി എന്റെ അടുത്തേക്ക് വന്നിരുന്നെങ്കിൽ അല്ലാഹുവിന്റെ മലക്കുകൾ അവനെ കഷ്ണം കഷ്ണമായി റാഞ്ചിയെടുക്കുമായിരുന്നു' എന്ന് നമസ്കാര ശേഷം അതിനെ സംബന്ധിച്ച് നബിﷺ പറയുകയുണ്ടായി. നബിﷺയെ ദ്രോഹിക്കാൻ വെമ്പൽകൊണ്ട അബൂജഹ്‌ലിൽനിന്നും അല്ലാഹു നബിﷺക്ക് പ്രത്യേകമായ ഒരു സംരക്ഷണം നൽകുന്നതാണ് നാം ഇതിലൂടെ കണ്ടത്.

ഇതുപോലെ, മറ്റൊരിക്കൽ മക്വാമു ഇബ്‌റാഹീമിൽവെച്ച് നബിﷺ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംഭവമുണ്ടായി:

ഇബ്നു അബ്ബാസിﷺൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺ നമസ്കരിക്കുകയായിരുന്നു. അപ്പോൾ അബൂജഹ്ൽ (അവിടെ) വന്നു. എന്നിട്ട് അവൻ (നബിﷺയോട്) ചോദിച്ചു: 'നിന്നെ ഇതിൽനിന്ന് ആരും വിലക്കിയില്ലേ? നിന്നെ ഇതിൽ നിന്ന് ആരും വിലക്കിയില്ലേ? നിന്നെ ഇതിൽ നിന്ന് ആരും വിലക്കിയില്ലേ?' അങ്ങനെ നബിﷺ (നമസ്കാരത്തിൽ നിന്ന്) പിരിഞ്ഞു. എന്നിട്ട് അവനെ (ധീരതയോടെ) തടഞ്ഞു. അപ്പോൾ അബൂജഹ്ൽ ചോദിച്ചു: 'ഇവിടെവെച്ച് വിളിച്ചാൽ ഏറ്റവും കൂടുതൽ (ജനശക്തി എനിക്കാണുള്ളത് എന്ന്) തീർച്ചയായും നിനക്ക് അറിയാമല്ലോ.' അപ്പോൾ അല്ലാഹു "എന്നിട്ട് അവൻ അവന്റെ സഭയിലുള്ളവരെ വിളിച്ചുകൊള്ളട്ടെ. നാം സബാനിയത്തിനെ (ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ) വിളിച്ചുകൊള്ളാം" (എന്ന സൂക്തം) ഇറക്കി. ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: 'അല്ലാഹുവാണ് സത്യം, അവൻ അവന്റെ ആളുകളെ വിളിച്ചിരുന്നുവെങ്കിൽ അല്ലാഹുവിന്റെ സബാനിയത്ത് അവനെ പിടിക്കുക തന്നെ ചെയ്യുമായിരുന്നു" (തിർമിദി).

പരസ്യപ്രബോധന കാലത്തിന്റെ തുടക്കത്തിൽതന്നെ ശത്രുക്കളിൽനിന്ന് നബിﷺക്ക് നേരിടേണ്ടി വന്ന ചില പീഡനങ്ങളെക്കുറിച്ചാണ് നാം മനസ്സിലാക്കിയത്.

ഉർവതുബ്നു സുബയ്റിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: 'ഞാൻ അംറുബ്നുൽ ആസിനോട് പറഞ്ഞു: മുശ്‌രിക്കുകൾ നബിﷺയെക്കൊണ്ട് ചെയ്തതിൽ ഏറ്റവും കഠിനമായത് (എന്താണെന്ന്) എനിക്ക് അറിയിച്ച് തരൂ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽﷺ ഒരിക്കൽ കഅ്ബയുടെ മുറ്റത്ത് നമസ്കരിക്കുന്നതിനിടയിൽ ഉക്ബതുബ്നു അബീമുഅയ്ത്വ് അവിടേക്ക് മുന്നിട്ടുവന്നു. എന്നിട്ട് അവൻ റസൂലിന്റെﷺ ചുമലിൽ പിടിച്ചു. (എന്നിട്ട്) അവൻ അവന്റെ വസ്ത്രം (നബിﷺയുടെ) കഴുത്തിൽ ചുറ്റി. എന്നിട്ട് അതുകൊണ്ട് ശക്തിയായി ഒരു വലിക്കൽ വലിച്ചു. അപ്പോൾ അബൂബക്ർ (അവിടേക്ക്) വന്നു. അപ്പോൾ അദ്ദേഹം അവന്റെ ചുമല ിൽ പിടിക്കുകയും അല്ലാഹുവിന്റെ റസൂലിൽനിന്ന് അവനെ തള്ളിമാറ്റുകയും ചെയ്തു. അദ്ദേഹം "എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ?" (ഗാഫിർ 28) എന്ന് പറയുകയും (ചെയ്തു)" (ബുഖാരി).

അല്ലാഹുവിന്റെ റസൂൽﷺ നമസ്കരിക്കുന്ന സമയത്ത് അദ്ദേഹത്തെ ശ്വാസംമുട്ടിച്ച് കൊല്ലുവാനാണ് ആ ദുഷ്ടനായ മനുഷ്യൻ ശ്രമിച്ചത്. ആ സന്ദർഭത്തിൽ അബൂബക്ർ അവിടെ എത്തുകയും നബിﷺയെ അവനിൽനിന്ന് രക്ഷിക്കുകയും ചെയ്തു.

ദിനംപ്രതി മർദനം വർധിക്കാൻ തുടങ്ങി. അവസാനം ലോകത്തിന് കാരുണ്യമായി അല്ലാഹു അയച്ച ആ പ്രവാചകൻ അവർക്കെതിരിൽ പ്രാർഥിക്കാൻ തീരുമാനിച്ചു.

ക്വുറയ്ശികൾ തന്നോട് അങ്ങേയറ്റത്തെ അനുസരണക്കേട് കാണിക്കുന്നത് നബിﷺ കണ്ടു. അങ്ങനെ അവിടുന്ന് പ്രാർഥിച്ചു: "യൂസുഫിന്റെ (നാട്ടിലെ) ഏഴു കൊല്ലത്തെ പോലെ ഒരു ഏഴുകൊണ്ട് അവരുടെ മേലും (ചെയ്ത്) നീ എന്നെ സഹായിക്കേണമേ." അങ്ങനെ അവരുടെ എല്ലാതും നീങ്ങിപ്പോകുന്നതുവരെ അവരെ വരൾച്ച പിടികൂടി. അവർ എല്ലുകളും തോലുകളും ഭക്ഷിക്കുന്നതുവരെ (ആയിത്തീർന്നു). അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: 'അവർ (ജനങ്ങൾ) തോലുകളും ശവങ്ങളും തിന്നുന്നവർ വരെ (ആയിരിക്കുന്നു). ഭൂമിയിൽനിന്ന് പുകപോലെ എന്തോ പുറത്തുവരാൻ തുടങ്ങിയിരിക്കുന്നു.' അങ്ങനെ അബൂസുഫ്‌യാൻ നബിﷺയുടെ അടുത്ത് ചെന്നു. എന്നിട്ട് പറഞ്ഞു: 'ഓ... മുഹമ്മദ്, തീർച്ചയായും നിന്റെ ജനത നശിച്ചിരിക്കുന്നു. അതിനാൽ അവരിൽനിന്ന് (ഈ കെടുതി) നീങ്ങാൻ നീ അല്ലാഹുവിനോട് പ്രാർഥിക്കണം.' അങ്ങനെ നബിﷺ പ്രാർഥിച്ചു. ഇതിനുശേഷം നിങ്ങൾ മടങ്ങുമോ (എന്ന്) പിന്നീട് ചോദിച്ചു. പിന്നീട് (അദ്ദേഹം) ഓതി: "അതിനാൽ ആകാശം, തെളിഞ്ഞുകാണാവുന്ന ഒരു പുകയും കൊണ്ട് വരുന്ന ദിവസം നീ പ്രതീക്ഷിച്ചിരിക്കുക. മനുഷ്യരെ അത് പൊതിയുന്നതാണ്. ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീ ഈ ശിക്ഷ ഒഴിവാക്കിത്തരേണമേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. എങ്ങനെയാണ് അവർക്ക് ഉൽബോധനം ഫലപ്പെടുക? (കാര്യം) വ്യക്തമാക്കുന്ന ഒരു ദൂതൻ അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട് അദ്ദേഹത്തെ വിട്ട് അവൻ പിന്തിരിഞ്ഞുകളയുകയാണ് ചെയ്തത്. ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു. തീർച്ചയായും നാം ശിക്ഷ അൽപം ഒഴിവാക്കിത്തരാം. എന്നാൽ നിങ്ങൾ (പഴയ അവസ്ഥയിലേക്ക്) മടങ്ങുക തന്നെ ചെയ്യുമല്ലോ" (ദുഖാൻ 10-15), (ബുഖാരി).

സ്വൈര്യമായി ജനങ്ങളോട് സത്യംപറയാൻ സാധിക്കാത്ത സാഹചര്യം, പരിശുദ്ധ കഅ്ബയുടെ പരിസരത്ത് നമസ്കരിക്കാൻ പറ്റാത്ത അവസ്ഥ! ശാരീരികമായും മാനസികമായും കടുത്ത പീഡനങ്ങൾ. ഇങ്ങനെ വല്ലാത്ത പ്രയാസത്തിലായപ്പോൾ നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു; യൂസുഫ് നബിയുടെ കാലത്ത് ഏഴുകൊല്ലം തുടർച്ചയായി ക്ഷാമവും വരൾച്ചയും ഉണ്ടായതുപോലെ ഇവരിലും ഉണ്ടാകാൻ. അല്ലാഹു ആ പ്രാർഥന സ്വീകരിച്ചു. കടുത്ത പട്ടിണിയും വരൾച്ചയും അവരെ ബാധിച്ചു. അവസാനം ശവവും എല്ലുകളും മൃഗത്തിന്റെ തൊലിയുമൊക്കെ തിന്നേണ്ട ദുർഗതി അവർക്കുണ്ടായി. എത്രത്തോളമെന്നാൽ ചെരുപ്പ് വെള്ളത്തിൽ കുതിർത്ത് അതുപോലും കഴിക്കേണ്ടുന്ന ദുരവസ്ഥ! നബിﷺയെ ഉപദ്രവിച്ചവർക്ക് അല്ലാഹു അക്കാലത്തുതന്നെ ശിക്ഷ നൽകുന്നതാണ് നാം കണ്ടത്. അവസാനം അബൂസുഫ്‌യാൻ നബിﷺയെ സമീപിച്ചു. എന്നിട്ട് പറഞ്ഞു: 'മുഹമ്മദ്, അല്ലാഹുവിനെ അനുസരിക്കണമെന്നും കുടുംബബന്ധം ചേർക്കണമെന്നുമാണല്ലോ നീ കൽപിക്കുന്നത്? ഇപ്പോൾ നിന്റെ കുടുംബത്തിൽ പെട്ടവർ അടക്കം നശിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിനോട് പ്രാർഥിച്ചാലും.'

അബൂസുഫ്‌യാൻ അന്ന് മുശ്‌രിക്കായിരുന്നു. മുശ്‌രിക്കുകൾക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടായിരുന്നു എന്നത് ഈ ഭാഗം വായിക്കുന്നവർക്ക് വ്യക്ത

മാകാതിരിക്കില്ല. നബിﷺ വിശ്വസിക്കുന്ന അല്ലാഹുവിൽ തന്നെയാണ് അവരും വിശ്വസിച്ചിരുന്നത്. അബൂസുഫ്‌യാൻ ഏതൊരു അല്ലാഹുവിനോടാണോ പ്രാർഥിക്കാനായി നബിﷺയോട് ആവശ്യപ്പെട്ടത്; അതേ അല്ലാഹുവിനോടായിരുന്നു നബിﷺ പ്രാർഥിച്ചതും.

ലോകത്തിന് കാരുണ്യമായി അയക്കപ്പെട്ട പ്രവാചകന്റെ മനസ്സ് വേദനിച്ചു, അവിടുന്ന് പ്രാർഥിക്കുകയും ചെയ്തു. നമസ്കാരത്തിൽ തന്റെ മേൽ ചീഞ്ഞളിഞ്ഞ ഒട്ടകത്തിന്റെ കുടൽമാലകൾ ചാർത്തിയ, ശപിക്കപ്പെട്ടവനെന്നും കള്ളനെന്നും മാരണക്കാരനെന്നും വിളിച്ച് ആക്ഷേപിച്ച, തന്നെ ഏതെല്ലാം മാർഗത്തിലൂടെ ദ്രോഹിക്കാൻ പറ്റുമോ ആ മാർഗമെല്ലാം സ്വീകരിച്ച് ദ്രോഹിച്ച ആളുകളുടെ എല്ലാ ദ്രോഹങ്ങളും മറന്ന് ആ ജനതക്കായി നബിﷺ പ്രാർഥിച്ചു.

നബിﷺയോട് പ്രാർഥിക്കാൻ ആവശ്യപ്പെടുക മാത്രമല്ല അവർ ചെയ്തത്. ഈ വറുതിയും ക്ഷാമവും നീങ്ങിയാൽ ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയും ചെയ്യാം എന്നും അവർ നബിﷺയോട് പറഞ്ഞിരുന്നു. ഇത് കേട്ടപ്പോൾ നബിﷺക്ക് അങ്ങേയറ്റത്തെ സന്തോഷമായി. നരകവഴിയിൽനിന്ന് സ്വർഗവഴിയിലേക്ക് തങ്ങൾ മടങ്ങാൻ തയ്യാറാണ് എന്നു ജനങ്ങൾ പറഞ്ഞാൽ കാരുണ്യത്തിന്റെ ദൂതൻ എങ്ങനെ സന്തോഷിക്കാതിരിക്കും. നബിﷺയുടെ പ്രാർഥനക്ക് ഉത്തരം ലഭിക്കുകയും അവരുടെ ക്ഷാമം മാറുകയും ചെയ്തു. എന്നാൽ മുശ്‌രിക്കുകൾ അവരുടെ പഴയ വഴിയിൽത്തന്നെ നിലയുറപ്പിച്ചു. അവർ മാറാൻ കൂട്ടാക്കിയില്ല!

ആരോപണങ്ങളിലൂടെയും പരിഹാസങ്ങളിലൂടെയും അവർ നബിയെ പ്രയാസപ്പെടുത്തിക്കൊണ്ടിരുന്നു. നബിﷺ ഇരുന്നാൽ ചുറ്റും അവിടുത്തെ അനുചരന്മാരിലെ ദുർബലരുണ്ടാകുമായിരുന്നു. (അപ്പോൾ മുശ്‌രിക്കുകൾ) അവരെ കളിയാക്കിക്കൊണ്ട് പറയും; ഈ ഇരിക്കുന്നവരാണോ നമ്മുടെ ഇടയിൽ നിന്ന് അല്ലാഹു അനുഗ്രഹിച്ചവർ?

നബിﷺയുടെ കൂടെ അമ്മാർ, ബിലാൽ, ഖബ്ബാബ്, സ്വുഹയ്ബ് പോലെയുള്ള പാവങ്ങളും ദുർബലരുമായിരുന്നു ആദ്യനാളുകളിൽ കൂടുതലും ഉണ്ടായിരുന്നത്. അവരോടൊത്ത് അവിടുന്ന് ഇരിക്കുന്നത് കാണുമ്പോൾ ശത്രുക്കൾ നന്നായി പരിഹസിക്കും. അല്ലാഹുവിന്റെ റസൂലാണ് ഞാൻ എന്ന് നബിﷺ പറയുന്നതുതന്നെ അവർ പരിഹാസത്തോടെയാണ് കണ്ടിരുന്നത്. അവരുടെ ചില ചോദ്യങ്ങൾ നോക്കൂ:

"ജനങ്ങൾക്ക് സൻമാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത് അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു" (അൽഇസ്‌റാഅ് 94).

പണ്ട് 'അൽഅമീൻ' എന്ന് വിളിച്ചവർ, തർക്കങ്ങളിൽ മധ്യസ്ഥനായി സ്വീകരിച്ചവർ, നീ സത്യമേ പറയൂ എന്ന് പറഞ്ഞവർ... സത്യം ജനങ്ങളോട് പറഞ്ഞപ്പോൾ ശത്രുവായി, കണ്ടുകൂടാത്തവനായി, കുഴപ്പക്കാരനായി. ഇവനാണോ അല്ലാഹുവിന്റെ റസൂൽ, ഇവൻ മനുഷ്യനല്ലേ, മനുഷ്യൻ എങ്ങനെ റസൂലാകും എന്നിങ്ങനെ പരിഹാസത്തോടും നിഷേധത്തോടും അവർ ചോദിച്ചു.

"ഇയാളുടെ (നബിﷺയുടെ) മേൽ ഒരു മലക്ക് ഇറക്കപ്പെടാത്തത് എന്താണ് എന്നും അവർ പറയുകയുണ്ടായി. എന്നാൽ നാം മലക്കിനെ ഇറക്കിയിരുന്നെങ്കിൽ കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീടവർക്ക് സമയം നീട്ടിക്കിട്ടുമായിരുന്നില്ല. ഇനി നാം ഒരു മലക്കിനെ (ദൂതനായി) നിശ്ചയിക്കുകയാണെങ്കിൽതന്നെ ആ മലക്കിനെയും നാം പുരുഷരൂപത്തിലാക്കുമായിരുന്നു. അങ്ങനെ (ഇന്ന്) അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന വിഷയത്തിൽ (അപ്പോഴും) നാം അവർക്ക് സംശയമുണ്ടാക്കുന്നതാണ്" (അൽഅൻആം 9).

മലക്കിനെയാണ് അവരിലേക്ക് റസൂലായി അല്ലാഹു അയക്കേണ്ടതെന്നും മനുഷ്യനെ അതിന് പറ്റില്ലെന്നുമാണ് അവർ ധരിച്ചത്. തങ്ങൾക്ക് വിശ്വസിക്കാനായി ഈ നബിയുടെ മേൽ സഹായിയായി ഒരു മലക്കിനെ എന്തുകൊണ്ട് അയച്ചുകൂടാ എന്നെല്ലാം അവർ ചോദിക്കുന്നത് ഇത് കാരണത്താലാകാം. എന്നാൽ അല്ലാഹു അതിന് മറുപടി നൽകി. മലക്കുകളെ നാം അയക്കുന്ന സമയം ശിക്ഷയുടെ സമയമാകുമെന്നും, പിന്നീട് യാതൊരു സഹായവും ലഭിക്കില്ലെന്നും അല്ലാഹു അറിയിച്ചു. മാത്രവുമല്ല, റസൂലായി ഒരു മലക്കിനെയാണ് മനുഷ്യരിലേക്ക് അയക്കുന്നതെങ്കിൽ മനുഷ്യനായിട്ട് തന്നെയാണ് അല്ലാഹു അയക്കുക. കാരണം, മനുഷ്യരിലേക്കാണല്ലോ റസൂലിനെ അയക്കുന്നത്. അപ്പോൾ മനുഷ്യപ്രകൃതിയുള്ള ആളുതന്നെയാകണം അവരുടെ പ്രവാചകൻ. അതുപോലെ മലക്കിനെ സാക്ഷാൽ രൂപത്തിൽ മനുഷ്യന് കാണാനും സാധ്യമല്ലല്ലോ. മനുഷ്യരൂപത്തിൽ വന്നാൽ മാത്രമെ മനുഷ്യർക്ക് മലക്കിനെ കാണാൻ സാധിക്കുകയുള്ളൂ. അപ്പോഴും ഇവർ ആശയക്കുഴപ്പത്തിൽ തന്നെയാകും ഉണ്ടാകുക.

(തുടരും)



# നരബലിയിലെ മതവും വിമർശനങ്ങളിലെ കക്ഷിത്വവും

കവർ സ്റ്റോറി

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

**അന്ധവിശ്വാസത്തിലകപ്പെട്ടും മാനസികാസ്വസ്ഥ്യം മൂലവും സ്വന്തം മക്കളെ അരുംകൊല ചെയ്ത, രണ്ട് വാർത്തകൾ മനഃസാക്ഷിയെ അലോസരപ്പെടുത്താത്ത ആരും തന്നെയുണ്ടാവില്ല. എന്നാൽ കുറ്റകൃത്യങ്ങളിലും ജാതിയും മതവും ചികഞ്ഞ് വർഗീയത വളർത്താൻ ശ്രമിച്ചവരുടെയും ഇസ്‌ലാംവെറുപ്പിന്റെ തീക്ഷ്ണതയിൽ സമൂഹമാധ്യമങ്ങളിൽ കളവുകളുടെ ഗോപുരം പണിതവരുടെയും മനോവൈകൃതം ആരും ചർച്ച ചെയ്തുകണ്ടില്ല. യഥാർഥത്തിൽ ഭ്രാന്തിന്റെ ഒരേ ആലയിൽ ബന്ധിക്കേണ്ട മനുഷ്യമൃഗങ്ങളാണിവരെല്ലാം.**

കലിയുഗം അവസാനിച്ച് സത്യയുഗം പുലരുമ്പോൾ തിങ്കളാഴ്ച രാവിലെ പുനർജീവിക്കുമെന്ന വിശ്വാസത്തോടെ വിദ്യാസമ്പന്നരായ മാതാപിതാക്കൾ രണ്ടു പെൺമക്കളെ തലയ്ക്കടിച്ചുകൊന്നു. ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിലാണ് മനഃസാക്ഷിയെ നടുക്കിയ കൊടുംക്രൂരത അരങ്ങേറിയത്. മദനപ്പള്ളി ഗവ.ഡിഗ്രി കോളേജിലെ കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസറായ പുരുഷോത്തം നായിഡുവും എം.എസ്.സി മാത്തമാറ്റിക്സ് ഗോൾഡ് മെഡലിസ്റ്റും ചിറ്റൂർ

ഐഐടി ടാലന്റ് സ്കൂളിലെ അധ്യാപികയുമായ പത്മജയുമാണ് ഈ കൊടുംക്രൂരതയുടെ കറുത്ത കൈകൾ.

അന്ധവിശ്വാസങ്ങളിൽ അഭിരമിക്കുന്ന മനസ്സുകളുടെ ഭീകരമായ ചെയ്തികളെ കുറിച്ചുള്ള അടക്കം പറച്ചിലുകളിൽനിന്ന് വിസ്മൃതിയിലേക്ക് നീങ്ങവെ കൈരളിയുടെ മനസ്സുകൾക്ക് വേദനയേകി മറ്റൊരു കൊലപാതകംകൂടി നരബലിയായി അരങ്ങേറി.

മൂന്നുമാസം ഗർഭിണിയായ, മാനസികാസ്വാസ്ഥ്യമുള്ള സ്ത്രീ തന്റെ ആറുവയസ്സുകാരനായ മകനെ കഴുത്തറുത്ത് കൊല്ലുകയായിരുന്നു. കാരുണ്യസ്പർശമായി മാതൃത്വത്തിന്റെ മൃദുലമായ തലോടലുകളിൽ സുരക്ഷയൊരുക്കേണ്ട കരങ്ങളെ മൂർച്ചയേറിയ ആയുധംകൊണ്ട് കഴുത്തറുക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളെന്തായാലും ചർച്ചചെയ്യപ്പെടണമെന്നതിൽ തർക്കമില്ല.

അരുംകൊലകളുടെ ക്രൂരമായ ചിത്രങ്ങൾ മനസ്സുകളെ നൊമ്പരപ്പെടുത്തുമ്പോഴും കുറ്റകൃത്യങ്ങളിലും മതവും ജാതിയും ചികഞ്ഞുനോക്കി വിമർശനങ്ങളുന്നയിക്കുന്ന മനോവൈകല്യങ്ങളും വളർന്നു വരുന്നുവെന്നതാണ് ഏറെ കൗതുകകരം!

സമൂഹമാധ്യമങ്ങളിലെ സജീവമായ ചർച്ചകളെ നിരീക്ഷിക്കുമ്പോൾ തട്ടമിട്ടവളിലെ രാക്ഷസീയതയെ ആഘോഷിക്കാൻ വകതേടുന്ന നാസ്തികതയുടെ സങ്കുചിത വർഗീയമനസ്സുകളുടെ വകഭേദങ്ങൾ കാണാനാകും.

ഇസ്‌ലാംവെറുപ്പിന്റെ തീക്ഷ്ണതയിൽ വികൃതമായ നാസ്തിക മനസ്സുകൾ ഇസ്‌ലാം വിമർശനത്തിനായി അവസരങ്ങളുപയോഗപ്പെടുത്തുന്നതിലെ അതീവ ജാഗ്രതയാണ് ഇവിടെയും നാം കാണുന്നത്. നിഷേധവും ധാർഷ്ട്യവുംകൊണ്ട് മലിനമായ മനസ്സുകൾപേറി മറ്റുള്ളവരിലേക്ക് വിരൽ ചൂണ്ടുന്ന ഇത്തരം ഭൗതികപ്രമത്തരുടെ ആശയങ്ങളിലേക്കും ഒന്നു തിരിഞ്ഞുനോക്കിയാൽ രാക്ഷസീയത കൊണ്ട് കബന്ധങ്ങൾ കൊയ്തെടുക്കാൻ ദാർശനികമാനം നൽകുന്നവരാരാണെന്ന് തിരിച്ചറിയാനാകും.

ആഫ്രിക്കൻ വനാന്തരങ്ങളിലെ കറുത്തവർഗങ്ങളിലെ പച്ചമനുഷ്യരെ ചങ്ങലകളിൽ ബന്ധിച്ച് അടിമകളാക്കി തങ്ങളുടെ നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്ന പാശ്ചാത്യരുടെ ക്രൂരവിനോദങ്ങൾ മാനവ ചരിത്രത്തിൽ കറുത്ത അധ്യായമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സമുദ്രയാത്രകൾക്കിടയിൽ കൂറ്റൻസ്രാവുകൾക്ക് ജീവനുള്ള മനുഷ്യരെ ഭക്ഷണമായി എറിഞ്ഞു കൊടുത്ത്, അതിന്റെ വായയിൽനിന്ന് ജീവനുവേണ്ടി വാവിട്ടുകരയുന്നവന്റെ രക്തം തെറിക്കുന്നതു കണ്ട് ആർത്തുചിരിച്ച് ആനന്ദനൃത്തം ചവിട്ടുന്നവന് സൈദ്ധാന്തിക പിന്തുണ നൽകിയ പ്രത്യയശാസ്ത്രമേതെന്ന് അന്വേഷിച്ചാലും നരബലിയിൽ മുതലക്കണ്ണീരൊഴുക്കുന്ന നാസ്തികബുദ്ധിയെ തിരിച്ചറിയാനാകും.

അധികാരസോപാനങ്ങളിലിരുന്ന് ദ്വന്ദയുദ്ധത്തിനു കറുവത്തവനെ ഉപയോഗപ്പെടുത്തി, അവന്റെ ശരീരഭാഗങ്ങളിൽനിന്ന് ഉറ്റിവീഴുന്ന രക്തത്തുള്ളികളിൽ ആസ്വാദനത്തിന്റെ മാധുര്യം നുണയുന്ന സാമ്രാജ്യത്വത്തിന് ആശയപിന്തുണ നൽകിയ ഭൗതികപ്രത്യയശാസ്ത്രമേതെന്ന ചോദ്യത്തിലും നാസ്തികത എന്നുതന്നെയാണ് ഉത്തരം.

അമേരിക്കയിലെ തദ്ദേശീയരെ കൂട്ടക്കൊലചെയ്ത യുറോപ്യൻ വംശീയതയുടെ തുടർച്ചയായിരുന്ന നാസിസത്തിന്റെ അടിത്തറയും നാസ്തികർ ചുമലിലേറ്റിയ പരിണാമസങ്കൽപങ്ങളും സോഷ്യൽ ഡാർവനിസവുമായിരുന്നത്രെ! ആൾക്കുരങ്ങുകളെക്കാൾ അൽപംകൂടി ബുദ്ധിവികാസമുണ്ടായപ്പോൾ കറുത്ത വർഗക്കാരായെന്നാണ് അവർ വാദിച്ചത്. അതിനാൽ കറുത്ത വർഗക്കാരെ മനുഷ്യരായി സങ്കൽപിക്കാൻ

> **സമുദ്രയാത്രകൾക്കിടയിൽ കൂറ്റൻസ്രാവുകൾക്ക് ജീവനുള്ള മനുഷ്യരെ ഭക്ഷണമായി എറിഞ്ഞു കൊടുത്ത്, അതിന്റെ വായയിൽനിന്ന് ജീവനുവേണ്ടി വാവിട്ടുകരയുന്നവന്റെ രക്തം തെറിക്കുന്നതു കണ്ട് ആർത്തുചിരിച്ച് ആനന്ദനൃത്തം ചവിട്ടുന്നവന് സൈദ്ധാന്തിക പിന്തുണ നൽകിയ പ്രത്യയശാസ്ത്രമേതെന്ന് അന്വേഷിച്ചാലും നരബലിയിൽ മുതലക്കണ്ണീരൊഴുക്കുന്ന നാസ്തികബുദ്ധിയെ തിരിച്ചറിയാനാകും. അധികാരസോപാനങ്ങളിലിരുന്ന് ദ്വന്ദയുദ്ധത്തിനു കറുവത്തവനെ ഉപയോഗപ്പെടുത്തി, അവന്റെ ശരീരഭാഗങ്ങളിൽനിന്ന് ഉറ്റിവീഴുന്ന രക്തത്തുള്ളികളിൽ ആസ്വാദനത്തിന്റെ മാധുര്യം നുണയുന്ന സാമ്രാജ്യത്വത്തിന് ആശയപിന്തുണ നൽകിയ ഭൗതികപ്രത്യയശാസ്ത്രമേതെന്ന ചോദ്യത്തിലും നാസ്തികത എന്നുതന്നെയാണ് ഉത്തരം.**

നാസ്തിക സമൂഹത്തിനായില്ലെന്നതാണ്! അതാണ് വെള്ളക്കാരന്റെ കാൽമുട്ടിനുതാഴെ ഞെരിഞ്ഞമർന്ന് മരണപ്പെട്ട കറുത്ത വർഗക്കാരനായ ഫ്‌ളോയിഡിന്റെ വിഷയത്തിലും നാം കണ്ടത്.

നരബലിയും നരഹത്യയുമെല്ലാം ഏതുവിഭാഗത്തിൽനിന്നായാലും ഒരേ ശബ്ദത്തിൽ എതിർക്കപ്പെടേണ്ടതാണ്. അതിൽ മതം തിരഞ്ഞ് ഒരു മതത്തെ മാത്രം ആക്രമണത്തിന് വിധേയമാക്കുന്ന പ്രവണത മനുഷ്യത്വമില്ലായ്മയാണ് എന്നാണ് പറഞ്ഞുവെച്ചതിന്റെ സാരം.

### നരബലിയുടെ മനഃശാസ്ത്രം

ആർത്തിയുള്ള മനസ്സുകളാണ് പൈശാചികമായ ഇത്തരം ക്രൂരതകൾക്ക് പാകപ്പെടുന്നത്. പെട്ടെന്ന് ധനികനാകാനും കൃഷിയിൽ നല്ല ലാഭമുണ്ടാകാനും നാടുഭരിക്കുന്നവരുടെ ആരോഗ്യത്തിനും മാനം രക്ഷിക്കാനും പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കാനുമെല്ലാം നരബലി നടത്തിയതായി ധാരാളം സംഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

> **അന്ധവിശ്വാസങ്ങൾ പേറിയ ദുർബലമനസ്സുകളെ കീഴടക്കി പുരോഹിതൻമാരും കപട സന്യാസിമാരുമെല്ലാം തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് മനുഷ്യജീവനുകൾകൊണ്ട് അമ്മാനമാടുമ്പോൾ തിരിച്ചറിവ് നൽകാൻ, അസ്തിത്വബോധം പകർന്നുനൽകാൻ മനുഷ്യരെ വൈജ്ഞാനിക പ്രബുദ്ധരാക്കുകയാണ് വേണ്ടത്. അന്ധവിശ്വാസങ്ങൾക്കു പകരം യഥാർഥ വിശ്വാസമെന്തെന്നറിയണം; അനാചാരങ്ങൾക്കു പകരം ആചാരവും. ദുർമന്ത്രവാദികളുടെ രംഗപ്രവേശങ്ങളെ നിയമപരമായി നേരിടാനാവണം. മതത്തെയും വിശ്വാസത്തെയും ചൂഷണോപാധിയാക്കി സാമ്പത്തികമായി തടിച്ചുകൊഴുക്കുന്ന ആൾദൈവങ്ങളെയും പുരോഹിതൻമാരെയും അവരെ പിന്തുണക്കുന്ന അധികാരിവർഗത്തെയും പരസ്യമായ സാമൂഹിക വിചാരണയ്ക്ക് വിധേയമാക്കണം.**

വർഷങ്ങൾക്കുമുമ്പ് ടാൻസാനിയയിൽ ശരീരവും മുടിയും നന്നെവെളുത്ത ആളുകളെ ബലികൊടുക്കുന്നത് ഭാഗ്യംകൊണ്ടുവരുമെന്ന അന്ധവിശ്വാസം പ്രചരിപ്പിച്ച മുപ്പതിലധികം പുരോഹിതൻമാരെ പോലീസ് അറസ്റ്റ് ചെയ്തു. അതിനിടയിൽ നൂറോളം ആളുകളെ അവർ ബലി നൽകിയതായും അവിടുത്തെ സാമൂഹ്യ പ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നു.

കൊറിയയിലെ ജിയോങ്ജുവിൽ മൂൺ കാസിലിന്റെ മതിലുകൾക്കുതാഴെ പഴക്കമുള്ള രണ്ട് അസ്ഥികൂടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. കോട്ട നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കോട്ടയുടെ നിർമാണത്തിനു മുമ്പ് ബലിയർപ്പിക്കപ്പെട്ടവരുടെതാണ് ഇവയെന്നാണ് വിശ്വസിക്കപ്പെടുന്നത്.

2015ൽ തമിഴ്‌നാട്ടിൽ മധുരയിലെ ഗ്രാനൈറ്റ് ക്വാറിയിൽ അനധികൃത ഖനനവുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെ ഏഴോളം മൃതശരീരങ്ങൾ കണ്ടെടുത്തതോടെ നരബലിയുടെ ഞെട്ടിക്കുന്ന വിവരങ്ങളാണ് ഉദ്യോഗസ്ഥർ പുറത്തുവിട്ടത്. ക്വാറിയുടെ സമൃദ്ധിയ്ക്കായി ബലി നടത്തിയതാണത്രെ!

2019ൽ ഭഗൽപൂരിൽ സന്താന സൗഭാഗ്യത്തിനായി മന്ത്രവാദിയുടെ നിർദേശപ്രകാരം പത്തു വയസ്സുകാരനെ അമ്മാവൻ കഴുത്തറുത്തുകൊന്നു. കർണാടകയിലെ ബദാന ഗോഡിഗ്രാമത്തിൽ നിധി ലഭിക്കുന്നതിനായി യുവാവ് മുത്തശ്ശിയെ നരബലി നടത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

പുരാതന ഈജിപ്തിലും ചൈനയിലും മരണാനന്തര ജീവിതത്തിൽ രാജാവിനെ സേവിക്കുന്നതിനായി അവരുടെ ശരീരത്തോടൊപ്പം അടിമകളെ ജീവനോടെ അടക്കം ചെയ്തിരുന്നതായും വിശദീകരണമുണ്ട്.

ഇങ്ങനെ; ചൈന, ജപ്പാൻ, ഗ്രീസ്, ഇന്ത്യ, ടാൻസാനിയ തുടങ്ങി ലോകത്തെവിടെയുമുള്ള സംസ്‌കാരങ്ങൾക്കും മനുഷ്യക്കുരുതികളുടെ കഥ പറയാനുണ്ട്.

പ്രശസ്തരായ മനഃശാസ്ത്രജ്ഞൻമാർ ഇതേക്കുറിച്ച് വസ്തുനിഷ്ഠമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അധികാരത്തെ ശക്തിപ്പെടുത്തുന്നതിന് ഭരണവർഗങ്ങൾ ആചാരപരമായ കൊലപാതകങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം. 'സാമൂഹ്യ നിയന്ത്രണ സിദ്ധാന്തം' എന്ന പഠനഭാഗങ്ങളിൽ ഇതിനെ കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്. താഴ്ന്നവിഭാഗത്തെ നിയന്ത്രിക്കുന്നതിനായി നാഗരികതയുടെ ഉയർച്ചക്കുവേണ്ടി എന്ന വ്യാജേന മനുഷ്യർ 'ത്യാഗങ്ങൾ നടത്തി' എന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്. മനുഷ്യസമൂഹത്തിലെ അധികാര രൂപങ്ങൾ ഉണ്ടായത് സ്ഥാപനവൽക്കരിക്കപ്പെട്ട അക്രമത്തെ അടിസ്ഥാനമാക്കിയാണെന്നും നിരീക്ഷിക്കുന്നുണ്ട്.

അതിനാൽ അന്ധവിശ്വാസങ്ങൾ പേറിയ ദുർബ ലമനസ്സുകളെ കീഴടക്കി പുരോഹിതൻമാരും കപട സന്യാസിമാരുമെല്ലാം തങ്ങളുടെ താൽപര്യങ്ങൾക്ക നുസരിച്ച് മനുഷ്യജീവനുകൾകൊണ്ട് അമ്മാനമാടു മ്പോൾ തിരിച്ചറിവ് നൽകാൻ, അസ്തിത്വബോധം പകർന്നുനൽകാൻ മനുഷ്യരെ വൈജ്ഞാനിക പ്ര ബുദ്ധരാക്കുകയാണ് വേണ്ടത്. അന്ധവിശ്വാസങ്ങൾക്കു പകരം യഥാർഥ വിശ്വാസമെന്തെന്നറിയണം; അനാ ചാരങ്ങൾക്കു പകരം ആചാരവും. ദുർമന്ത്രവാദിക ളുടെ രംഗപ്രവേശങ്ങളെ നിയമപരമായി നേരിടാനാ വണം. മതത്തെയും വിശ്വാസത്തെയും ചൂഷണോ പാധിയാക്കി സാമ്പത്തികമായി തടിച്ചുകൊഴുക്കുന്ന ആൾദൈവങ്ങളെയും പുരോഹിതൻമാരെയും അവരെ പിന്തുണക്കുന്ന അധികാരിവർഗത്തെയും പരസ്യമായ സാമൂഹിക വിചാരണയ്ക്ക് വിധേയമാക്കണം.

## നരബലി: ഇസ്‌ലാമിന്റെ സമീപനം

മനുഷ്യന്റ ഇഹപര നൻമയ്ക്കും വിജയത്തിനു മായി പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു മാനവകുലത്തി നു നൽകിയ മതമാണ് ഇസ്‌ലാം. മുഹമ്മദ് നബിﷺയി ലൂടെ അത് പൂർത്തീകരിക്കപ്പെട്ടു. മനുഷ്യവർഗമെ ന്ന വൃത്തത്തിൽ ജാതി, മത, വർഗ, വർണ, ഭാഷ, വേഷ, സ്ഥലകാല വ്യത്യാസങ്ങൾക്കതീതമായി പ്രോജ്ജ്വലിച്ച് നിൽക്കുന്ന സമത്വത്തിന്റ സുന്ദര ദർശ നമാണത്.

ധർമനിഷ്ഠയാണ് ഏതൊരാളെയും മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തനാക്കുന്നത്. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃ ഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ട തിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്ര ങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയാ യും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാ ലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ ജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

ഒരു വിശ്വാസിയുടെ ജീവിതവിജയത്തിന് മറ്റുള്ള വരെ ഏതെങ്കിലും രൂപത്തിൽ ചൂഷണം ചെയ്യാൻ ഇസ്‌ലാം പറയുന്നില്ല. അതിനുള്ള എല്ലാ പഴുതുക ളും അടച്ചുകൊണ്ടുള്ളതാണ് ഇസ്‌ലാമിലെ ആചാ രാനുഷ്ഠാനങ്ങൾ. മനുഷ്യന്റെ കഴിവുകളിൽ പരിമി തമാണ് ഇസ്‌ലാമിന്റ ഓരോ കൽപനയും. അപര നെ സഹായിക്കുകയും ആദരിക്കുകയും മാനിക്കു കയും ചെയ്യുന്നതിലാണ് പുണ്യമുള്ളതെന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മറ്റുള്ളവന്റ ജീവന് വിലകൽപിക്കുന്ന ദൈവിക മതം സ്വീകരിച്ച ഒരു വിശ്വാസിക്ക് മനുഷ്യരക്തം ചി ന്തിയുള്ള ആചാരങ്ങൾ അന്യമാണെന്നർഥം.



പെൺകുഞ്ഞ് വളരുന്ന വീട് ദുശ്ശ കുനത്തിന്റെതാണെന്ന് വാദിച്ച് അപ മാനഭാരത്താൽ ജീവനോടെ കുഴിച്ചു മൂടിയിരുന്നവരുണ്ടായിരുന്ന ഒരു ജനത യിലേക്കാണ് മുഹമ്മദ് നബിﷺ ഇസ് ലാമിന്റ വെളിച്ചവുമായി കടന്നുചെന്നത്. അവരെ തിരുത്തുവാനും മനുഷ്യജീ വന്റ മൂല്യം മനസ്സിലാക്കിക്കൊടുക്കു വാനും, പ്രത്യേകിച്ച് സ്ത്രീകളുടെ മ ഹത്ത്വം തിരിച്ചറിയുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാനും പ്രവാചകന് സാധിച്ചത് വിശുദ്ധ ക്വുർആനിന്റെ ദാർ ശനികബലംകൊണ്ടായിരുന്നു.

## ഇസ്‌ലാം മനുഷ്യനെ ആദരിച്ചു

സൃഷ്ടിജാലങ്ങളിൽനിന്ന് വിശേഷ ബുദ്ധിയാൽ വ്യതിരിക്തനായ മനുഷ്യ നെ ഇസ്‌ലാം ആദരിക്കുകയാണ് ചെ യ്തിട്ടുള്ളത്. അവന്റ രക്തം, അഭിമാനം എന്നിവ പവിത്രവും വിശുദ്ധവുമാണെ ന്ന് ഇസ്‌ലാം പറയുന്നു.

അല്ലാഹു പറയുന്നു: "തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുക യും കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ട മായ വസ്തുക്കളിൽനിന്ന് നാം അവർ ക്ക് ഉപജീവനം നൽകുകയും, നാം സൃ ഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അ വർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർ ആൻ 17:70).

പ്രവാചകന്റ വിടവാങ്ങൽ ഹജ്ജിലെ പ്രൗഢമായ മനുഷ്യാവകാശ പ്രഖ്യാപന പ്രഭാഷണത്തിൽ മനുഷ്യരെ ആദരിക്കേണ്ടതെങ്ങനെ എന്ന് കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്.

അവിടുന്ന് പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ രക്തവും ധനവും അഭിമാനവും അന്ത്യനാൾവരെ പവിത്രമാണ്. ഈ മാസവും ഈ ദിവസവും പവിത്രമായ പോലെ."

ഹജ്ജിന്റെ ദിനം, പവിത്രമായ മക്ക എന്നിവയെക്കുറിച്ച് ഒരു വിശ്വാസിയുടെ മനസ്സിലുള്ള വികാരവും ആദരവും എത്രയാണോ അതേപോലെ ഓരോ മനുഷ്യന്റ രക്തത്തിനും അഭിമാനത്തിനും പവിത്രത കൽപിച്ചുനൽകണമെന്ന പ്രവാചകാധ്യാപനമുള്ള ഇസ്‌ലാമിൽ മനുഷ്യവധം-അത് ബലിയായാലും ഹത്യയായാലും-എത്ര വലിയ പാപമാണ്!

> **സമ്പത്തിനോടുള്ള അമിതമായ താൽപര്യമാണ് ഇത്തരം ക്രൂരതകൾക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നതെന്നാണ് മനഃശാസ്ത്ര വിദഗ്ധരുടെ വിശദീകരണം. എന്നാൽ ഇസ്‌ലാം അത്തരം മനോഗതികളെ നിയന്ത്രിക്കുന്നുണ്ട്. ഇല്ലായ്മയുടെ നെരിപ്പോടിൽ അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ക്ഷമയവവലംബിക്കുന്ന ദരിദ്രന് പരലോകത്ത് വിചാരണ എളുപ്പമാകുമെന്നും ധനികനെക്കാൾ വേഗത്തിൽ സ്വർഗപ്രവേശം സാധ്യമാകുമെന്നും വിശ്വസിക്കുന്ന ഒരു മുസ്‌ലിം ധനസമ്പാദനത്തിന് ഇത്തരം നീചമായ മാർഗം സ്വീകരിക്കുകയില്ല. ദൈവപ്രീതി ലഭിക്കുമെന്ന വിശ്വാസമാണ് ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നതെന്ന് പറയുമ്പോൾ, ഇസ്‌ലാമിന് ഇതിൽ യാതൊരു പങ്കുമില്ലെന്ന് അറിയുക. അങ്ങനെയൊരു വിശ്വാസം ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഇസ്‌ലാം അനുശാസിക്കുന്ന ആചാരങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല.**

സമ്പത്തിനോടുള്ള അമിതമായ താൽപര്യമാണ് ഇത്തരം ക്രൂരതകൾക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നതെന്നാണ് മനഃശാസ്ത്ര വിദഗ്ധരുടെ വിശദീകരണം. എന്നാൽ ഇസ്‌ലാം അത്തരം മനോഗതികളെ നിയന്ത്രിക്കുന്നുണ്ട്. ഇല്ലായ്മയുടെ നെരിപ്പോടിൽ അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ക്ഷമയവവലംബിക്കുന്ന ദരിദ്രന് പരലോകത്ത് വിചാരണ എളുപ്പമാകുമെന്നും ധനികനെക്കാൾ വേഗത്തിൽ സ്വർഗപ്രവേശം സാധ്യമാകുമെന്നും വിശ്വസിക്കുന്ന ഒരു മുസ്‌ലിം ധനസമ്പാദനത്തിന് ഇത്തരം നീചമായ മാർഗം സ്വീകരിക്കുകയില്ല.

ദൈവപ്രീതി ലഭിക്കുമെന്ന വിശ്വാസമാണ് ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നതെന്ന് പറയുമ്പോൾ, ഇസ്‌ലാമിന് ഇതിൽ യാതൊരു പങ്കുമില്ലെന്ന് അറിയുക. അങ്ങനെയൊരു വിശ്വാസം ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഇസ്‌ലാം അനുശാസിക്കുന്ന ആചാരങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല.

അല്ലാഹുവിന്റ കൽപനപ്രകാരം മകൻ ഇസ്മാഈലിﷺനെ പിതാവ് ഇബ്‌റാഹീംﷺ ബലിനൽകാനൊരുങ്ങിയ സംഭവം ക്വുർആനിലുണ്ട്. എന്നാൽ അത് അല്ലാഹുവിന്റെ ഒരു പരീക്ഷണം മാത്രമായിരുന്നു. പിതാവും പുത്രനും അതിന് തയ്യാറായപ്പോൾ അത് ചെയ്യേണ്ട എന്നും പകരം ഒരു മൃഗത്തെ അറുക്കണമെന്ന്കൽപിച്ചതും അവർ അതുപോലെ ചെയ്തതുമാണ് ചരിത്രം. അല്ലാഹുവിന്റെ പ്രീതിക്കായി മനുഷ്യബലി പാടില്ല എന്ന സന്ദേശം കൂടി ഈ സംഭവം നൽകുന്നുണ്ട്.

### കുട്ടികളെ കൊല്ലുന്നത് മഹാപാപം

നരബലിക്ക് വിധേയമാക്കപ്പെടുന്നവരിലധികവും കുട്ടികളാണെന്നത് വേദനിപ്പിക്കുന്ന കാര്യമാണ്. മാതാപിതാക്കളുടെ പരിലാളനയേറ്റ് നിഷ്‌കളങ്ക ഭാവത്തോടെ വളരുന്ന പിഞ്ചോമനകളെ സ്വാർഥത മൂടിയ അന്ധവിശ്വാസംപേറി നടക്കുന്നവർ കഴുത്തറുക്കുന്നത് നിഷ്ഠൂരവും ക്രൂരവുമായ ചെയ്തിയാണ്.

ആർത്തിപൂണ്ട മനസ്സുകൾ കുഞ്ഞിനെ ജനിക്കാൻ പോലും വിസമ്മതിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളുടെ ഈ കാലത്ത് അതിനെതിരെ നിശ്ശബ്ദമാകുന്നവരും ദാർശനിക പിന്തുണ നൽകുന്നവരുമാണ് നരബലിയിൽ മതത്തെ തേടിയിറങ്ങിയിരിക്കുന്നത്.

ജനസംഖ്യാവർധനവ് കാരണം പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളും ക്ഷാമവും അകാലമരണങ്ങളുമാണ് സംഭവിക്കാൻ പോകുന്നതെന്ന് ഭയപ്പെടുത്തി, ജനപ്പെരുപ്പം തടഞ്ഞില്ലെങ്കിൽ പ്രകൃതി തിരിച്ചടിക്കുമെന്ന പ്രചാരണത്തിലൂടെ, മാനവ വിഭവശേഷിയിൽ കരുത്തുനേടുന്ന രാഷ്ട്രങ്ങളുടെ മേൽ നിയന്ത്രണമേർപ്പെടുത്താനുള്ള മുതലാളിത്തത്തിന്റെ കുരുട്ടുബുദ്ധിയിൽ ഉദയംചെയ്ത ചില നിയമങ്ങളിലൂടെ ക്രൂരമായി നശിപ്പിക്കപ്പെട്ടത് കോടിക്കണക്കിന് ഗർഭസ്ഥ ശിശുക്കളാണ്.



ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള പന്ത്രണ്ടംഗ സമിതി സർക്കാറിന് സമർപ്പിച്ച 'കേരളാ വുമൺസ് കോഡ് ബിൽ 2011' മനുഷ്യന്റെ ജൻമാവകാശത്തെ ഹനിക്കുന്നതാണെന്ന കാര്യം അവിതർക്കിതമാണ്.

ഗർഭാശയത്തിലെ മനുഷ്യജീവന്റെ തുടിപ്പുകളെ ക്രൂരമായി ഛിദ്രം ചെയ്യുന്നതിനെ ന്യായീകരിക്കാൻ സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്യുന്ന നാസ്തികരടക്കമുള്ള, സ്വന്തം സുഖംമാത്രം നോക്കുന്ന സ്വാർഥതയുടെ ആൾരൂപങ്ങൾക്ക് മാത്രമെ സാധിക്കൂ.

ഇവിടെ ദൈവിക മതമായ ഇസ്‌ലാമിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് അജ്ഞാനകാലത്തെ അറബികളോട് സംവദിച്ചതുപോലെ അവസാനനാൾ വരെയുള്ളവരോടും മനുഷ്യന്റെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദിച്ചുകൊണ്ടിരിക്കും.

കുട്ടികളെ കൊല്ലുന്നതിനെതിരെ വിശുദ്ധ ക്വുർആൻ മാനവസമൂഹത്തെ ഉദ്ബോധിപ്പിക്കുന്നത് ഇങ്ങനെയാണ്: "ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു'' (ക്വുർആൻ 17:31).

ഇബ്നു ഉമർ ﵁ നിവേദനം: ഒരു യുദ്ധത്തിൽ ഒരു സ്ത്രീ വധിക്കപെട്ടതായി കാണപ്പെട്ടു. അപ്പോൾ പ്രവാചകൻ ﷺ സ്ത്രീകളെയും കുട്ടികളെയും വധിക്കുന്നത് നിഷിദ്ധമാക്കി. (ബുഖാരി, മുസ്‌ലിം)

യസീദ്ബ്നു ഹുർമുസ് ﵁ നിവേദനം: നജ്ദത്ത്, ഇബ്നു അബ്ബാസ് ﵁ നോട് അഞ്ച് കാര്യങ്ങൾ ചോദിച്ചറിയുന്നതിന് കത്തെഴുതി. നബി ﷺ സ്ത്രീകളെയും കൊണ്ട് യുദ്ധം ചെയ്തിരുന്നോ? അവർക്ക് വിഹിതം നിശ്ചയിച്ചിരുന്നോ? അവിടുന്ന് കുട്ടികളെ കൊന്നിരുന്നോ? അനാഥയുടെ അനാഥത്വം അവസാനിക്കുന്നതെപ്പോൾ, അഞ്ചിലൊന്ന് ആർക്കുള്ളതാണ്? ഇത്രയും കാര്യങ്ങൾ എനിക്ക് പറഞ്ഞു തരൂ! അപ്പോൾ ഇബ്നു അബ്ബാസ് ﵁ അദ്ദേഹത്തിന് ഇപ്രകാരം എഴുതി. റസൂൽ ﷺ കുട്ടികളെ കൊന്നിട്ടില്ല. അതിനാൽ നിങ്ങൾ കുട്ടികളെ കൊല്ലരുത്! (മുസ്‌ലിം)

മനുഷ്യനെ ഇത്രയധികം ആദരിച്ച ഒരു പ്രത്യയശാസ്ത്രവും ലോകത്ത് ഉദയം ചെയ്തിട്ടില്ല; ദൈവിക മതമായ ഇസ്‌ലാമല്ലാതെ.

ഈ ലോകത്ത് മനുഷ്യൻ ചെയ്യുന്ന പ്രവർത്തനങ്ങൾ എത്ര നിസ്സാരമാണെങ്കിലും പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റ മുന്നിൽ ചോദ്യം ചെയ്യപ്പെടുന്ന ഒരു നാൾ വരാനുണ്ടെന്ന് വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് ഒരു ജീവിയെയും അന്യായമായി നോവിക്കാനാവില്ല. പെൺകുട്ടികൾ ജനിക്കുന്നത് അപമാനമായിക്കരുതി ജീവനോടെ കുഴിച്ചുമൂടിയ ഒരു ജനവിഭാഗത്തിന് വിശുദ്ധ ക്വുർആൻ നൽകിയ ഒരു താക്കീതുണ്ട്. അത് ലോകാവസാനംവരെയുമുള്ള എല്ലാ നരാധമൻമാരോടും ആവർത്തിച്ച് ഓർമപ്പെടുത്തുന്നു:

"(ജീവനോടെ) കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ, താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന്" (ക്വുർആൻ: 81:8,9).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം

അധ്യായം: 56, ഭാഗം 3

# അൽവാഖിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

27. വലതുപക്ഷക്കാർ! എന്താണീ വലതുപക്ഷക്കാരുടെ അവസ്ഥ!
28. മുള്ളില്ലാത്ത ഇലന്തമരം,
29. അടുക്കടുക്കായി കുലകളുള്ള വാഴ,
30. വിശാലമായ തണൽ,
31. സദാ ഒഴുക്കപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളം,
32. ധാരാളം പഴവർഗങ്ങൾ;
33. നിലച്ചുപോകാത്തതും തടസ്സപ്പെട്ടുപോവാത്തതുമായ,
34. ഉയർന്നമെത്തകൾ എന്നീ സുഖാനുഭവങ്ങളിലായിരിക്കും അവർ.
35. തീർച്ചയായും അവരെ(സ്വർഗസ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്.
36. അങ്ങനെ അവരെ നാം കന്യകമാരാക്കിയിരിക്കുന്നു.
37. സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു.
38. വലതുപക്ഷക്കാർക്ക് വേണ്ടിയത്രെ അത്.
39. പൂർവികൻമാരിൽനിന്ന് ഒരു വിഭാഗവും
40. പിൻഗാമികളിൽനിന്ന് ഒരു വിഭാഗവും ആയിരിക്കും അവർ.
41. ഇടതുപക്ഷക്കാർ, എന്താണീ ഇടതുപക്ഷക്കാരുടെ അവസ്ഥ!
42. തുളച്ചു കയറുന്ന ഉഷ്ണകാറ്റ്, ചുട്ടുതിളക്കുന്ന വെള്ളം,
43. കരിമ്പുകയുടെ തണൽ
44. തണുപ്പുള്ളതോ, സുഖദായകമോ അല്ലാത്ത (എന്നീ ദുരിതങ്ങളിലായിരിക്കും അവർ.)

وَأَصۡحَٰبُ ٱلۡيَمِينِ مَآ أَصۡحَٰبُ ٱلۡيَمِينِ ﴿٢٧﴾
فِي سِدۡرٖ مَّخۡضُودٖ ﴿٢٨﴾
وَطَلۡحٖ مَّنضُودٖ ﴿٢٩﴾
وَظِلّٖ مَّمۡدُودٖ ﴿٣٠﴾
وَمَآءٖ مَّسۡكُوبٖ ﴿٣١﴾
وَفَٰكِهَةٖ كَثِيرَةٖ ﴿٣٢﴾
لَّا مَقۡطُوعَةٖ وَلَا مَمۡنُوعَةٖ ﴿٣٣﴾
وَفُرُشٖ مَّرۡفُوعَةٍ ﴿٣٤﴾
إِنَّآ أَنشَأۡنَٰهُنَّ إِنشَآءٗ ﴿٣٥﴾
فَجَعَلۡنَٰهُنَّ أَبۡكَارًا ﴿٣٦﴾
عُرُبًا أَتۡرَابٗا ﴿٣٧﴾
لِّأَصۡحَٰبِ ٱلۡيَمِينِ ﴿٣٨﴾
ثُلَّةٞ مِّنَ ٱلۡأَوَّلِينَ ﴿٣٩﴾
وَثُلَّةٞ مِّنَ ٱلۡأٓخِرِينَ ﴿٤٠﴾
وَأَصۡحَٰبُ ٱلشِّمَالِ مَآ أَصۡحَٰبُ ٱلشِّمَالِ ﴿٤١﴾
فِي سَمُومٖ وَحَمِيمٖ ﴿٤٢﴾
وَظِلّٖ مِّن يَحۡمُومٖ ﴿٤٣﴾
لَّا بَارِدٖ وَلَا كَرِيمٍ ﴿٤٤﴾

27-34). വലതുപക്ഷക്കാർക്കു വേണ്ടി തയ്യാറാക്കിയതിനെക്കുറിച്ചാണ് തുടർന്ന് അല്ലാഹു പറയുന്നത്. (വലതുപക്ഷക്കാർ. എന്താണ് വലതുപക്ഷക്കാരുടെ അവസ്ഥ) അവരുടെ കാര്യം ഗംഭീരമാണ്. അവസ്ഥയോ ഏറെ മഹത്ത്വമേറിയതും. (മുള്ളില്ലാത്ത ഇലന്തമരം) മുള്ളുകളും ഉപദ്രവകരമായ ചില്ലകളും മുറിച്ചുനീക്കപ്പെട്ടത്. അവിടെയെല്ലാം വിശിഷ്ടമായ പഴങ്ങൾ നിറക്കപ്പെട്ടിരിക്കുന്നു. ഇലന്തമരത്തിന്റെ മറ്റൊരു പ്രത്യേകത; ശരീരത്തിന് ആശ്വാസം നൽകുന്ന നല്ല തണലുണ്ട് അതിന്. (അടുക്കടുക്കായി കുലയുള്ള വാഴ) വാഴ പ്രസിദ്ധമാണ്. തട്ടുതട്ടായി ശാഖകളുള്ള കൊതിപ്പിക്കുന്ന രുചിയുള്ള പഴങ്ങളുള്ളത്. (സദാ ഒഴുക്കപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളം) ശക്തിയുള്ള ജലപ്രവാഹങ്ങളും ഒഴുകുന്ന നദികളും അരുവികളും അവിടെ ധാരാളമുണ്ട്. (നിലച്ചുപോവാത്തതും തടസ്സപ്പെട്ടുപോകാത്തതുമായ ധാരാളം പഴവവർഗങ്ങൾ) ഈ ലോകത്തെ പഴങ്ങളെപ്പോലെയല്ല; ചില സമയങ്ങളിൽ അതിൽ ഫലമില്ലാതാകും. അതാഗ്രഹിക്കുന്നവർക്ക് ആ സമയത്ത് പ്രയാസമാകും. എന്നാൽ സ്വർഗത്തിൽ എപ്പോഴും ലഭിച്ചുകൊണ്ടേയിരിക്കും. ഏതൊരു സമയത്തും ഒരാൾക്ക് അത് അടുത്തുവെച്ച് തന്നെ പറിച്ചെടുക്കാനാവും. (ഉയർന്ന മെത്തകൾ) വളരെ ഉയരങ്ങളിൽ കട്ടിലുകൾക്കു മുകളിൽ വിരിക്കപ്പെട്ട. ആ വിരിപ്പുകൾ പട്ട്, സ്വർണം, മുത്ത് എന്നിവകൊണ്ടാണ്. അല്ലാഹുവിനേ അതിനെക്കുറിച്ചറിയൂ.

35-38). (തീർച്ചയായും അവരെ -സ്വർഗസ്ത്രീകളെ- നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നു). ഇഹലോകത്തുണ്ടായിരുന്ന അവസ്ഥയിൽനിന്ന് വ്യത്യസ്തമായ ഒരു സൃഷ്ടിപ്പ്. നശിക്കാത്ത, സമ്പൂർണമായ ഒരു സൃഷ്ടിപ്പ്. (അങ്ങനെ നാം അവരെ കന്യകമാരാക്കി) അവരിൽ പ്രായം കുറഞ്ഞവരെയും കൂടിയവരെയും. അതിൽ സ്വർഗസ്ത്രീകളും (الحور العين) ഇഹലോകസ്ത്രീകളും ഉൾപ്പെടും. കന്യകാത്വം എന്ന ഈ പ്രത്യേകത സദാ സമയങ്ങളിലും അവരിൽ നിലനിൽക്കും. അതോടൊപ്പം അവരെ (സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു). ഈ അവസ്ഥ എപ്പോഴുമുണ്ടാകും. (العروب സ്നേഹവതി) എന്നത് ഭർത്താവിന് ഏറെ ഇഷ്ടപ്പെട്ടവൾ എന്നാണ്. അവളുടെ നല്ല സംസാരം, ഭംഗിയാർന്ന രൂപം, സനേഹസൗന്ദര്യം, തമാശകൾ എന്നിവ മൂലമാണത്. അവളുടെ സംസാരം മനസ്സുകളെ ബന്ധിതമാക്കും. അവളുടെ സംസാരം അവസാനിക്കാതിരിക്കാൻ കേൾക്കുന്നവൻ ആഗ്രഹിക്കും. പ്രത്യേകിച്ചും നിർമലവും രാഗാത്മകവും ആനന്ദപൂർണവുമായ അവളുടെ ഗാനങ്ങൾ. അവളുടെ പെരുമാറ്റവും ലക്ഷണങ്ങളും കൊഞ്ചിക്കുഴയലുമെല്ലാം ഭർത്താവിന്റെ മനസ്സിൽ സന്തോഷവും ആ




ഹ്ലാദവും നിറക്കും. അവർ നിൽക്കുന്നിടത്തുനിന്ന് മാറിയാൽ അവിടം പ്രകാശവും സുഗന്ധവും നിറയും. അത് ശാരീരികബന്ധങ്ങളിൽ ആനന്ദമുണ്ടാക്കും. (الأتراب) എന്നത് 33 വയസ്സുള്ള ഒരേ പ്രായക്കാരായവരാണ്. യുവത്വം പൂർണമാകുന്ന പ്രായം. ആഗ്രഹിക്കുന്ന പ്രായവും. അതാണ് അവർക്ക് ലഭിക്കുന്ന സ്ത്രീകൾ. സ്നേഹവതികളും സമപ്രായക്കാരും യോജിക്കുന്നവരും ഇണങ്ങുന്നവരും സംതൃപ്തരും തൃപ്തിപ്പെടുത്തുന്നവരും ദുഃഖിക്കുകയോ ദുഃഖിപ്പിക്കുകയോ ചെയ്യാത്തവരുമാണ്. അവർ മനസ്സിന്റെ സന്തോഷവും കണ്ണുകളുടെ കുളിർമയും ദൃഷ്ടികൾക്കൊരു കാഴ്ചയുമാണ്. (വലതുപക്ഷക്കാർക്ക് വേണ്ടിയത്രെ അത്). അതായത് അവർക്ക് ഒരുക്കി തയ്യാർ ചെയ്തത്.

39-40). (പൂർവികരിൽനിന്ന് ഒരു വിഭാഗവും പിൻഗാമികളിൽനിന്ന് ഒരു വിഭാഗവും ആയിരിക്കും അവർ) ഈ വിഭാഗം; അവരാണ് വലതുപക്ഷക്കാർ. ആദ്യകാലക്കാരിൽനിന്ന് കുറെ പേർ. പിൽക്കാലക്കാരിൽ നിന്നും കുറെ പേരും.

41-44). ഇടതുപക്ഷക്കാർ എന്നാൽ നരകത്തിന്റെയും ദുഷ്പ്രവർത്തനങ്ങളുടെയും ആളുകളാണ്. അവർക്ക് അവർ അർഹിക്കുന്ന ശിക്ഷയുണ്ടാകും. അല്ലാഹു പറയുന്നു: അവർ അതിന് അർഹരാണ്. (തുളച്ചുകയറുന്ന ഉഷ്ണക്കാറ്റ്) നരകത്തീയിന്റെ ചൂടിൽനിന്നുള്ള ചൂടുകാറ്റ്. ശ്വസനങ്ങളെ പിടികൂടുന്ന, കഠിനമായ അസ്വസ്ഥതകൾ സൃഷ്ടിക്കുന്ന. (ചുട്ടുതിളക്കുന്ന വെള്ളം) ആമാശയങ്ങളെ പിളർക്കുന്ന ചൂടുവെള്ളം. (കരിമ്പുകയുടെ തണൽ) അതായത് പുക കൂടിച്ചേർന്ന തീജ്വാല. (തണുപ്പുള്ളതോ സുഖദായകമോ അല്ല) തണുപ്പോ സുഖമോ അതിലില്ല. ഉദ്ദേശിക്കുന്നത് അവിടെ മനോദുഃഖവും മനഃപ്രയാസവും ഖേദവും ദുരിതവും മാത്രമാണുണ്ടാവുക. അതിൽ ഒരു ഗുണവും കണ്ടെത്തില്ല. കാരണം ഭാഷയിൽ വിപരീത ആശയത്തെ നിഷേധിക്കുമ്പോൾ അതിന്റെ വിപരീതം സ്ഥാപിക്കപ്പെടും.

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

ലേഖനം



# ഇസ്‌ലാം, സ്ത്രീ അനന്തരാവകാശം

**സ്ത്രീ**കൾ പുരുഷന്മാരെക്കാൾ കൂടുതൽ അനന്തരമെടുക്കുന്ന അവസ്ഥ

ഇസ്‌ലാമിലെ അനന്തരാവകാശ ഓഹരികളെ പ്രധാനമായും രണ്ടായി തരംതിരിക്കാം:

**1. നിശ്ചിതോഹരി**

വിശുദ്ധക്വുർആനിൽ സ്ഥിരപ്പെട്ടുവന്ന ഓഹരികളാണ് 1/2, 1/4, 1/8, 1/6, 1/3, 2/3 എന്നിവ. ഈ ഓഹരികൾ ആര് അനന്തരമെടുക്കുമെന്നും ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. അത്തരത്തിൽ അനന്തരമെടുക്കുന്നവർ നിശ്ചിതോഹരിക്കാർ (അഹ്‌ലുൽ ഫുറൂള്) എന്നു വിളിക്കപ്പെടുന്നു. ഇവരുടെ പ്രത്യേകത, ഇവർക്ക് അവകാശപ്പെട്ട സ്വത്ത് ലഭിക്കാതിരിക്കുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകില്ല എന്നതാണ്.

## 2. ശിഷ്ടമോഹരിക്കാർ

നിശ്ചിതോഹരിക്കാരുടെ അവകാശങ്ങൾ വീതിച്ചതിനുശേഷം അവശേഷിക്കുന്ന ഓഹരികൾ അനന്തരമെടുക്കുന്നവരാണ് ഈ വിഭാഗക്കാർ. നിശ്ചിതോഹരിക്കാർക്ക് സ്വത്ത് നൽകിയതിനുശേഷം ഒന്നും അവശേഷിക്കുന്നില്ലെങ്കിൽ ഇവർക്ക് ആ സ്വത്തിൽ നിന്നും ഒന്നും ലഭിക്കുകയുമില്ല.

ഇനി നിശ്ചിതോഹരി അനന്തരമെടുക്കുന്നവരെ നമുക്ക് പരിചയപ്പെടാം:

സ്വത്തിന്റെ പകുതി (1/2) അനന്തരമെടുക്കുന്നവർ. ഇവർഅഞ്ചു വിഭാഗമാണ്:

1. മക്കളിൽനിന്നും അവകാശിയായി ഒരു മകൾ മാത്രമാവുക.
2. മക്കളിൽനിന്നും അവകാശിയായി മകന്റെ ഒരു മകൾ മാത്രമാവുക.
3. അവകാശികളിൽ പിതാവും മാതാവുമൊത്ത ഏക സഹോദരി മാത്രമാവുക.
4. അവകാശികളിൽ പിതാവൊത്ത ഏകസഹോദരി മാത്രമാവുക.
5. പരേതക്ക് മക്കളില്ലാത്ത അവസ്ഥയിലുള്ള ഭർത്താവ്.

പകുതി അവകാശമായി എടുക്കുന്ന അഞ്ചുവിഭാഗത്തിൽ നാലും സ്ത്രീകളാണ്. പുരുഷന്മാരിൽ നിന്നും ഭർത്താവ് മാത്രമാണുള്ളത്.

സ്വത്തിൽനിന്നും നാലിലൊന്ന് (1/4) അനന്തരമെടുക്കുന്നവർ: ഈ ഓഹരി ഭാര്യാഭർത്താക്കളിൽ മാത്രം പരിമിതമാണ്.

1. പരേതന് മക്കളില്ലാത്ത അവസ്ഥയിൽ ഭാര്യ.
2. പരേതക്ക് മക്കളുള്ള അവസ്ഥയിൽ ഭർത്താവ്.

സ്വത്തിൽനിന്നും എട്ടിലൊന്ന് (1/8) അനന്തരമെടുക്കുന്നവർ: ഈ ഓഹരി ഭാര്യയിൽമാത്രം പരിമിതമാണ്.

1. പരേതന് മക്കളുള്ള അവസ്ഥയിൽ ഭാര്യ.

സ്വത്തിൽനിന്നും ആറിലൊന്ന് (1/6) അനന്തരമെടുക്കുന്നവർ: ഇവർ എട്ടു വിഭാഗമാണ്.

1. മാതാവ്
2. മാതാമഹി
3. മകന്റെ മകൾ
4. പിതാവൊത്ത സഹോദരി
5. മാതാവൊത്ത സഹോദരി
6. മാതാവൊത്ത സഹോദരൻ
7. പിതാവ്
8. പിതാമഹൻ

മേൽപറഞ്ഞ എട്ടു വിഭാഗത്തിൽ അഞ്ചും സ്ത്രീകളാണ്. മൂന്നുവിഭാഗം മാത്രമാണ് പുരുഷന്മാരിൽ നിന്നുമുള്ളത്.

സ്വത്തിൽനിന്നും മൂന്നിലൊന്ന് (1/3) അനന്തരമെടുക്കുന്നവർ: ഇവർ മൂന്നുവിഭാഗമാണ്.

1. മാതാവ്. (പരേതന് മക്കളോ രണ്ടോ അതിലധികമോ സഹോദരങ്ങളോ ഇല്ലാത്ത അവസ്ഥയിൽ).
2. മാതാവൊത്ത സഹോദരികൾ. (പരേതന് പിതാവോ മക്കളോ ഇല്ലാത്ത അവസ്ഥയിൽ).
3. മാതാവൊത്ത സഹോദരന്മാർ. (പരേതന് പിതാവോ മക്കളോ ഇല്ലാത്ത അവസ്ഥയിൽ).

മേൽപറഞ്ഞ മൂന്നുവിഭാഗത്തിൽ മൂന്നിൽരണ്ടും സ്ത്രീകളാണ്. മൂന്നിൽ ഒന്നു മാത്രമാണ് പുരുഷവിഭാഗം.

പരേതന് പിതാവോ മക്കളോ ഇല്ലാത്ത അവസ്ഥയിൽ മാതാവൊത്ത സഹോദരി, സഹോദരന്മാർ ഒന്നിച്ചാണുള്ളതെങ്കിൽ മൂന്നിലൊന്നിൽ അവർ തുല്യ പങ്കാളികളായിരിക്കുമെന്നും അവർക്കിടയിൽ ആൺ,പെൺ വ്യത്യാസം പരിഗണിക്കുകയില്ല എന്നും നാം മുമ്പ് സൂചിപ്പിച്ചത് ഓർക്കുന്നുണ്ടല്ലോ.

സ്വത്തിൽനിന്നും മൂന്നിൽരണ്ട് അനന്തരമെടുക്കുന്നവർ: ഇവർ നാലു വിഭാഗമാണ്.

> **ഇസ്‌ലാമിക അനന്തരാവകാശനിയമത്തിൽ നിശ്ചിതോഹരിക്കാരുടെ ഗണത്തിൽ സ്ത്രീകൾക്കാണ് കൂടുതൽ ഓഹരികൾ ഉള്ളത്. എന്നാൽ ശിഷ്ടമോഹരിക്കാരിൽ കൂടുതലും പുരുഷന്മാരാണ്. അവിടെ സ്ത്രീകളെ ഇസ്‌ലാം അവഗണിച്ചില്ല എന്ന് മാത്രമല്ല, നിശ്ചിതോഹരിക്കാരായതിലൂടെ സ്ത്രീകൾക്ക് കൂടുതൽ ഗുണം ലഭിക്കുന്ന സാഹചര്യമാണ് ഇസ്‌ലാം നൽകുന്നത്. എന്നിട്ടും അനന്തരാവകാശത്തിൽ ഇസ്‌ലാം സ്ത്രീകളെ അവഗണിച്ചു എന്ന് നിലവിളിക്കുകയാണ് വിമർശകർ ചെയ്യുന്നത്!**

1. മക്കളിൽനിന്നും അവകാശികളായി രണ്ടോ അതിലധികമോ പെൺകുട്ടികൾ മാത്രമാവുക.

2. മക്കളിൽനിന്നും അവകാശികളായി മകന്റെ രണ്ടോ അതിലധികമോ പെൺകുട്ടികൾ മാത്രമാവുക.

3. അവകാശികളിൽ പിതാവും മാതാവുമൊത്ത രണ്ടോ അതിലധികമോ സഹോദരിമാരാവുക.

4. അവകാശികളിൽ പിതാവൊത്ത രണ്ടോ അതിലധികമോ സഹോദരിമാരാവുക.

ഈ ഇനത്തിലെ നാലുവിഭാഗവും സ്ത്രീകൾ മാത്രമാണ്. പുരുഷൻമാരിൽനിന്നും ആരും ഈ ഇനത്തിൽ വരുന്നില്ല.

മേൽസൂചിപ്പിച്ച നിശ്ചിതോഹരിക്കാരിൽ ഏതെങ്കിലും ഒരുവിഭാഗം മാത്രമാണ് അനന്തരാവകാശിയായി വരുന്നതെങ്കിൽ സ്വത്ത് മുഴുവനും ആ വിഭാഗത്തിനായിരിക്കും ലഭിക്കുക.

മേൽസൂചിപ്പിച്ച കണക്കുകളും അതിന്റെ അവകാശികളുമായി ബന്ധപ്പെട്ട് നിഷ്പക്ഷമായ ഒരു പഠനം നടത്തുന്ന ഏതൊരാൾക്കും ചില വസ്തുതകൾ ബോധ്യപ്പെടും. അവയിൽ പ്രധാനപ്പെട്ടവ താഴെ സൂചിപ്പിക്കുന്നു:

1. നിശ്ചിതോഹരിക്കാർ മൊത്തത്തിൽ 26 വിഭാഗമാണ്. അതിൽ 17 വിഭാഗവും സ്ത്രീകളാണ്. 6 വിഭാഗം മാത്രമാണ് പുരുഷന്മാരുള്ളത്.

2. നിശ്ചിതോഹരിയിലെ ഏറ്റവുംവലിയ ഓഹരിയായ മൂന്നിൽരണ്ട് (2/3) സ്ത്രീകളിൽ മാത്രമായി ഇസ്‌ലാം പരിമിതപ്പെടുത്തിയിരിക്കുന്നു.

3. അടുത്ത വലിയ ഓഹരിയായ പകുതിയിൽ (½) അഞ്ചിൽ ഒരുവിഭാഗം മാത്രമാണ് പുരുഷനുള്ളത്. അവശേഷിക്കുന്ന ബാക്കി നാലുവിഭാഗവും സ്ത്രീകളാണ്. മേൽപറഞ്ഞ പുരുഷവിഭാഗത്തിൽ പെട്ടയാളുടെ ഭാര്യയുടെ സ്വത്തിൽനിന്നും വേണം പകുതി ലഭിക്കാൻ. അത് ലഭിക്കണമെങ്കിൽ ആ ഭാര്യക്ക് അയാളിലോ അയാളുടെ മുമ്പ് അവളെ വിവാഹം ചെയ്ത ഭർത്താക്കന്മാരിലോ മക്കൾ ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയും നിലവിലുണ്ട്. അത്തരത്തിൽ ഭർത്താവിന് ഭാര്യയുടെ സ്വത്തിൽ പകുതി ലഭിക്കുന്ന അവസ്ഥ വളരെ വിരളമായിരിക്കും.



4. പകുതിയുടെ തൊട്ടുതാഴെവരുന്ന വലിയ ഓഹരിയാണല്ലോ മൂന്നിലൊന്ന്. അതിലെ മൂന്നു വിഭാഗത്തിലെ രണ്ടും സ്ത്രീകൾക്കുവേണ്ടി മാറ്റിവെച്ചു. ആ വിഭാഗത്തിൽവരുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും ഓഹരി ഏറ്റവ്യത്യാസമില്ലാത്ത തുല്യമായ ഓഹരി ആക്കുകയും ചെയ്തു.

5. ഇനി ആറിലൊന്നിന്റെ അവസ്ഥ എടുത്താലും മറിച്ചല്ല സ്ഥിതി. അതിലെ എട്ടുവിഭാഗത്തിലെ അഞ്ചും സ്ത്രീകൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മൂന്നു വഭാഗത്തിലായി പുരുഷന്മാർ ചുരുങ്ങുകയും ചെയ്തു.

6. നാലിലൊന്നും എട്ടിലൊന്നും ഭാര്യാഭർത്താക്കന്മാരുടെ ഓഹരിയാണ്. അതിന്റെ വിശദാംശങ്ങൾ മുമ്പ് നമ്മൾ സൂചിപ്പിച്ചതാണ്.


ഇതാണ് സത്യാവസ്ഥ. എന്നിട്ടും വിമർശകർ ഇസ്‌ലാം സ്ത്രീകളെ അനന്തരാവകാശത്തിൽ അവഗണിച്ചേ എന്ന് നിലവിളിക്കുകയാണ് ചെയ്യുന്നത്! അനന്തരാവകാശത്തിൽ ഇസ്‌ലാം സ്ത്രീകളെ പരിഗണിച്ചതുപോലെ ലോകത്ത് ഏത് പ്രത്യയശാസ്ത്രമാണ് പരിഗണിച്ചിട്ടുള്ളത്? പ്രാമാണികമായി ആർക്കാണ് അത് തെളിയിക്കാൻ സാധിക്കുക?

നിശ്ചിതോഹരിക്കാരുടെ ഗണത്തിൽ സ്ത്രീകൾക്കാണ് കൂടുതൽ ഓഹരികൾ ഉള്ളത്. എന്നാൽ ശിഷ്ടമോഹരിക്കാരിൽ കൂടുതലും പുരുഷൻമാരാണ്. അവിടെ സ്ത്രീകളെ ഇസ്‌ലാം അവഗണിച്ചില്ലേ എന്ന് ചോദിച്ചാൽ, നിശ്ചിതോഹരിക്കാരായതിലൂടെ സ്ത്രീകൾക്ക് കൂടുതൽ ഗുണം ലഭിക്കുന്ന സാഹചര്യമാണ് ഇസ്‌ലാം നൽകുന്നത് എന്നാണ് പറയാനുള്ളത്. അതിലേക്ക് സൂചന നൽകുന്ന ചില ഉദാഹരണങ്ങൾകൂടി നമുക്ക് പരിചയപ്പെടാം. നിഷ്പക്ഷമായി പഠിക്കുന്ന ആളുകൾക്ക് കാര്യം എളുപ്പത്തിൽ മനസ്സിലാകും. **(തുടരും)**

മൂസ സ്വലാഹി, കാര
moosakara001@gmail.com



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 22



# നിർഭയജീവിതം നഷ്ടപ്പെടുത്തുന്ന വ്യർഥവാദങ്ങൾ

വിശ്വാസികൾക്ക് ഇരുലോകത്തും നിർഭയത്വം വാഗ്ദാനം ചെയ്ത മതമാണ് ഇസ്‌ലാം. അല്ലാഹുവിൽ പങ്കുചേർക്കുക എന്ന അക്രമത്തിൽനിന്ന് വിശ്വാസത്തെ സംരക്ഷിച്ചവർക്ക് മാത്രമെ ഇതിനുള്ള സൗഭാഗ്യം സിദ്ധിക്കുകയുള്ളൂ.

അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82).

വിശ്വാസസ്ഥിരതയും ശിർക്കിൽനിന്നുള്ള മുക്തിയും ഒരാൾക്കില്ലെങ്കിൽ അയാൾ വഴികേടിലും ദൗർഭാഗ്യത്തിലും അകപ്പെടുമെന്ന് ഈ വചനം വ്യക്തമാക്കുന്നു.

പൗരോഹിത്യത്തിന്റെ ചങ്ങലകളിൽ വരിഞ്ഞുമുറുക്കപ്പെട്ടവർ വിശ്വാസ മേഖലയിലാണ് മുഖ്യമായും ചൂഷണ വിധേയമാക്കപ്പെട്ടിട്ടുള്ളത്. മെനഞ്ഞുണ്ടാക്കപ്പെട്ട തെളിവുകളുടെയും കള്ളക്കഥകളുടെയും പിൻബലത്തിൽ പുരോഹിതന്മാർ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുകയും അജ്ഞതനിമിത്തം ആളുകൾ അതിൽ ആകൃഷ്ടരാവുക

> **നബി ﷺ യെ സ്വപ്നം കണ്ടേ എന്നു വിളിച്ചു പറയൽ ചില പുരോഹിതന്മാരുടെ സ്ഥിരം പരിപാടിയാണ്. ഇവരുടെ കാഴ്ചപ്പാടിലുള്ള ഔലിയാക്കൾക്കെല്ലാം നബി ﷺ യെ കണ്ടു എന്ന വിശേഷണമുണ്ട്! സത്യസന്ധരും മതനിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവരുമായ ആളുകളിൽ ആർക്കെങ്കിലും ഒരപക്ഷേ സത്യസന്ധമായ ആ അനുഭവം ഉണ്ടായേക്കാം. എന്നാൽ മഹാപാപമായ ശിർക്ക് മുതൽ സകല അന്ധവിശ്വാസങ്ങൾക്കും വേദിയൊരുക്കുന്ന ചൂഷകരായ പുരോഹിതന്മാർക്ക് അതിനുള്ള അർഹതയില്ല. നബി ﷺ യെ ജീവനോടെ കണ്ട അബൂജഹ്ലിനും അബൂലഹബിനും അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിനും മറ്റും ഗുണം കിട്ടാത്ത ഗണത്തിലാണ് ഇത്തരം വാദങ്ങൾക്കുള്ള സ്ഥാനം.**

യും ചെയ്യും. എന്നാൽ സ്വർഗ പ്രവേശവും നല്ലവരോടൊപ്പമുള്ള സഹവാസവും കൊതിക്കുന്നവർ അല്ലാഹുവിന്റെ കൽപനകളെയാണ് ശിരസ്സാവഹിക്കേണ്ടത്. അല്ലാഹു പറയുന്നു: "ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ" (ക്വുർആൻ 4:69).

പാപികൾ നബി ﷺ യുടെ സന്നിധിയിൽ ചെന്ന് ആവലാതി പറഞ്ഞാൽ ദോഷങ്ങൾ പൊറുക്കപ്പെടു മെന്നത് സമസ്തയുടെ അടിസ്ഥാന വിശ്വാസമാണ്. അതുകൊണ്ടാണ് മക്കയെക്കാൾ മദീനയുടെ പ്രത്യേകത പറയാൻ ഇവർ മുതിരുന്നത്. നബി ﷺ യുടെ ക്വബ്ർ സന്ദർശനത്തിന് മാത്രമായി യാത്ര നടത്താനോ അവിടെവെച്ച് നബിയോട് പ്രാർഥിക്കാനോ ഇസ്ലാം പഠിപ്പിച്ചിട്ടില്ല. എന്നാൽ മസ്ജിദുന്നബവി സന്ദർശിക്കുന്നവർക്ക് നബി ﷺ യുടെ റൗളയിൽ വെച്ച് രണ്ടുറക്അത്ത് നമസ്കരിക്കലും ക്വബ്റിനടുത്തു നിന്ന് അദ്ദേഹത്തോട് സലാം പറയലും നബി ﷺ ക്കു വേണ്ടി പ്രാർഥിക്കലും സുന്നത്താക്കപ്പെട്ടിട്ടുണ്ട്.

ഒരു മുസ്‌ലിയാർ തന്റെ അനുഭവം എന്ന പേരിൽ സമൂഹത്തിലേക്ക് തള്ളിയത് കാണുക: "പാപികളെ മുത്ത് മുസ്തഫാ തങ്ങൾ പരിഗണിക്കില്ലേയെന്ന ബേജാറോടെ ദൂരെ മാറിനിന്ന് മെല്ലെ സലാം പറഞ്ഞ് കരയാനേ പറ്റിയുള്ളൂ. സ്വപ്നത്തിൽ മുത്ത്നബിയെ കണ്ടപ്പോഴും ഇതുപോലൊരവസ്ഥയിലായിരുന്നു. അവിടുത്തെ തിളങ്ങുന്ന പൂമുഖത്തേക്ക് വല്ലാതെ നോക്കാനാവാതെ തിരുപാദത്തിലേക്ക് മാത്രം നോക്കി നിന്നു കരയുകയായിരുന്നു" (സുന്നിവോയ്സ്/2020 ഡിസംബർ 16-3/പേജ് 41).

നബി ﷺ യുടെ ക്വബ്റിങ്കൽവെച്ച് പാപങ്ങൾ പൊറുത്തുകിട്ടാനായി അദ്ദേഹത്തോട് തേടാമെന്നൊരു ധ്വനി വരുത്തുകയാണ് മുസ്‌ലിയാരിവിടെ. നബിയോടു വിളിച്ചുതേടാമെന്നു ധരിച്ച് രാജാക്കന്മാരുണ്ടാക്കിയ പച്ചക്കുബ്ബക്കു നേരെ കൈകളുയർത്തി സങ്കടം പറയുന്നവർ ഏറെയുണ്ട്. അടിമകൾ നല്ലവരാകട്ടെ, തെറ്റുകാരാകട്ടെ പരിഗണന കിട്ടേണ്ടത് റബ്ബിൽ നിന്നാണ്.

സ്വന്തത്തോട് തെറ്റുചെയ്തവർ അതേറ്റു പറയേണ്ടത് അല്ലാഹുവിനോടാണ്. ക്വുർആൻ പറയുന്നു: "പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

അല്ലാഹു വിശാലമായ കാരുണ്യമുള്ളവനും പശ്ചാത്താപം സ്വീകരിക്കുന്നവനുമാണെന്ന് ഈ വചനം ബോധ്യമാക്കിത്തരുന്നു. ഇതെല്ലാം വിസ്മരിച്ചുകൊണ്ട് മരണപ്പെട്ടവരോട് പ്രശ്നം പറയേണ്ട ഗതികേട് വിശ്വാസികൾക്കില്ല. മറ്റൊരു ആയത്തിൽ കാണാം: "പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം" (ക്വുർആൻ 40:3).

നബി ﷺ യുടെ വിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ ക്വബ്റിങ്കൽ ചെന്ന് ആവലാതിപ്പെടാം എന്നതിന് എന്ത് തെളിവാണുള്ളത്? ഏതെങ്കിലും ഒരു സ്വഹാബിയിൽനിന്ന് അതിനുള്ള മാതൃക സ്ഥിരപ്പെട്ടിട്ടുണ്ടോ?

നബി ﷺ യെ സ്വപ്നം കണ്ടേ എന്നു വിളിച്ചു പറയൽ ചില പുരോഹിതന്മാരുടെ സ്ഥിരം പരിപാടിയാണ്. ഇവരുടെ കാഴ്ചപ്പാടിലുള്ള ഔലിയാക്കൾക്കെല്ലാം നബി ﷺ യെ കണ്ടു എന്ന വിശേഷണമുണ്ട്! സ

ത്യസന്ധരും മതനിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവരുമായ ആളുകളിൽ ആർക്കെങ്കിലും ഒരപക്ഷേ സത്യസന്ധമായ ആ അനുഭവം ഉണ്ടായേക്കാം. എന്നാൽ മഹാപാപമായ ശിർക്ക് മുതൽ സകല അന്ധവിശ്വാസങ്ങൾക്കും വേദിയൊരുക്കുന്ന ചൂഷകരായ പുരോഹിതന്മാർക്ക് അതിനുള്ള അർഹതയില്ല. നബിﷺയെ ജീവനോടെ കണ്ട അബൂജഹ്‌ലിനും അബൂലഹബിനും അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിനും മറ്റും ഗുണം കിട്ടാത്ത ഗണത്തിലാണ് ഇത്തരം വാദങ്ങൾക്കുള്ള സ്ഥാനം.

മുസ്‌ലിയാർ മറ്റൊരനുഭവം പങ്കിടുന്നത് കാണുക: "വീട്ടിൽ താമസം തുടങ്ങുന്നയന്ന് മടവൂർ ശൈഖ് വരണമെന്നത് വലിയ ആഗ്രഹമായിരുന്നു. ക്ഷണിച്ചുവെങ്കിലും അന്ന് വന്നില്ല. കുറച്ചുനാൾ കഴിഞ്ഞ് അവിചാരിതമായി മഹാൻ ഞങ്ങളുടെ വീട്ടിലെത്തി. വന്നയുടനെ കുളിക്കാൻ വെള്ളം ചോദിച്ചു. ചൂട് വെള്ളത്തിൽ നന്നായി കുളിക്കുകയും ബാക്കിയുള്ള കുറച്ചുവെള്ളം കിണറ്റിൽ ഒഴിക്കാൻ പറയുകയും ചെയ്തു. ഞങ്ങളുടെ കിണറിൽ വെള്ളം വറ്റുമായിരുന്നു. ആ വെള്ളം ഒഴിച്ചശേഷം പിന്നീട് കിണർ വറ്റിയിട്ടില്ല" (സുന്നിവോയ്സ്/2021 ജനുവരി 16-31/ പേജ് 36).

ഒരു മനുഷ്യൻ കുളിച്ചതിന്റെ ബാക്കി വെള്ളം കിണറ്റിൽ ഒഴിച്ചാൽ അക്കാരണംകൊണ്ട് ആ കിണർ എക്കാലവും വറ്റാതിരിക്കുക! നബിﷺയെക്കാൾ മഹാനായ വലിയ്യ് വേറെ ആരാണുള്ളത്? തന്റെ അനുചരന്മാരുടെ വെള്ളക്ഷാമം പരിഹരിക്കാൻ ഇങ്ങനെയൊരു കാര്യം അദ്ദേഹം ചെയ്തിട്ടുണ്ടോ? വെള്ളമില്ലെങ്കിൽ മഴകിട്ടാൻ അല്ലാഹുവിനോട് തേടുവാനാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്.



ഇരു സമസ്തകളുടെയും വരുമാന മാർഗമാണ് സി.എം മടവൂർ. ഇയാളുടെ പേരിൽ നടക്കുന്ന ശിർക്കൻ പ്രവർത്തനങ്ങൾക്ക് കൊഴുപ്പുകൂട്ടുവാനും കൂടുതൽ ആളുകളെ ആകർഷിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കുവാനുമാണ് ഇത്തരം ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്നത്.

എന്തെങ്കിലും ഉണ്ടാകുവാൻ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകൂ എന്നു പറഞ്ഞാൽ മതി, ആ നിമിഷം അതുണ്ടാകും. അല്ലാഹുവിനു മാത്രമുള്ള ഈ കഴിവിനെ സി.എം മടവൂരിന് ചാർത്തിക്കൊടുക്കാൻ പോലും ധൈര്യംകാണിച്ചവർ ഇതിലപ്പുറവും പറയും.

നബിﷺയിൽ ദൈവികദൃഷ്ടാന്തമായി (മുഅ്ജിസത്ത്) അല്ലാഹുവിന്റെ അനുമതിയോടെ പല അത്ഭുതങ്ങളും സംഭവിച്ചിട്ടുണ്ട്. എന്നാൽ തനിക്ക് ഇഷ്ടാനുസരണം അത്ഭുപ്രവർത്തനങ്ങൾ കാണിക്കാൻ കഴിയുമെന്ന് അവിടുന്ന് പറഞ്ഞിട്ടില്ല. സ്വഹാബിമാരിൽ പലരിലും കറാമത്തുകൾ പ്രകടമായിട്ടുണ്ട്. അവരാരും അതിനെ ചൂഷണോപാധിയാക്കിയിട്ടില്ല. എന്നാൽ ഇന്ന് പലരും ചെയ്യുന്നത് മേൽസൂചിപ്പിച്ചതുപോലുള്ള കള്ളക്കഥകൾ പ്രചരിപ്പിച്ച് വരുമാനമുണ്ടാക്കലാണ്. ഉപജീവനത്തിൽ വിശാലതയും അനുഗ്രഹവും ചൊരിയുന്നവൻ അല്ലാഹു മാത്രമാണ്. വിശ്വാസം നന്നാക്കിയാൽ അല്ലാഹു അനുഗ്രഹങ്ങൾ വർഷിക്കും.

അല്ലാഹു പറയുന്നു: "ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽനിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചുതള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി" (ക്വുർആൻ 7:96).

പണ്ഡിതന്മാർക്കും നേതാക്കൾക്കും അപ്രമാദിത്വം കൽപിച്ച് അവർ പറയുന്നതെല്ലാം മതമാണെന്ന നിലയ്ക്ക് പ്രവർത്തിക്കുന്നത് വിഡ്ഢിത്തമാണ്. തങ്ങൾ, ശൈഖ് പോലുള്ള നാമങ്ങളിൽ പ്രത്യേക വേഷഭൂഷാദികളോടെ നടക്കുന്നവർ വീട്ടിൽ വന്നാൽ അതോടെ എല്ലാ പ്രയാസങ്ങളും നീങ്ങുമെന്നും അവർക്ക് വേണ്ട പരിഗണന നൽകിയില്ലെങ്കിൽ അത് നാശഹേതുവാണെന്നുമുള്ള വിശ്വാസം ഇന്നും സമൂഹത്തിൽ കുടിയിരിക്കുന്നുണ്ട്. ഇത് പൗരോഹിത്യം അടിച്ചേൽപിച്ചതാണ്. ഇസ്‌ലാമിന്റെ ആദർശം അതിനെയെല്ലാം തച്ചുടക്കുന്നതാണ്. അല്ലാഹു പറയുന്നു:

"തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു..." (ക്വുർആൻ 39:36).

സി.എം മടവൂർ എന്ന വ്യക്തിക്ക് ഇവർ നൽകിയ സ്ഥാനം നോക്കൂ: "ഭൗമോപരിതലത്തിലെ ആത്മീയ നേതൃത്വത്തിനു ഒരിക്കൽകൂടി ശൂന്യത അനുഭവപ്പെട്ടിരിക്കുന്നു. ലോകജനതയെ തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ട് ഖുത്വുബുൽ ആലം ശൈഖുനാ സി.എം അബൂബക്കർ വലിയുല്ലാഹിൽ മടവൂരി പ്രഭാത സൂര്യനെ സാക്ഷിനിർത്തിക്കൊണ്ട് രാവിലെ ഒമ്പതര മണിക്ക് നമ്മോട് വിടപറഞ്ഞു" (മടവൂർ സി.എം വലിയല്ലാഹി/പേജ് 25).

നബിﷺയുടെ വഫാത്താണ് വിശ്വാസിലോകത്തിന്റെ ഏറ്റവും വലിയ സങ്കടം. അതേ സ്ഥാനത്തേക്കാണ് ഈ വ്യക്തിയെ ഇവർ ഉയർത്തിയിരിക്കുന്നത്. 'ഖുത്വുബുൽ ആലം' (ലോകത്തിന്റെ അച്ചുതണ്ട്) എന്ന വിശ്വാസം തന്നെ സ്വൂഫിസത്തിന്റെ ഉൽപന്നമാണ്. മതത്തിന്റെ പേരിൽ ഇത്തരം കള്ളങ്ങൾ പ്രചരിപ്പിക്കുന്നത് കടുത്ത അക്രമം തന്നെയാണ്.

മുസ്‌ലിയാർ എഴുതുന്നു: "വഫാത്തിന്നു ശേഷവും എന്ത് പ്രതിസന്ധിയുണ്ടാകുമ്പോഴും ഞാൻ മടവൂരിൽ പോകും. ആ ഹള്റത്തിൽ കാര്യങ്ങൾ പറയും. എല്ലാ പ്രശ്നങ്ങളും അതോടെ തീരും" (സുന്നിവോയ്സ്/2021 ജനുവരി 16-31/ പേജ് 37).

ഇക്കൂട്ടർക്ക് മതം പഠിപ്പിക്കുന്ന വിശ്വാസമല്ല പ്രധാനമെന്നതിന് തെളിവാണ് ഈ വരികൾ. അല്ലാഹുവിന്റെ കഴിവിൽ എന്ത് വിശ്വാസമാണ് ഇവർക്കുള്ളത്? നിരവധി പ്രയാസങ്ങൾ നേരിട്ട പ്രവാചകന്മാരും അനുയായികളും വിളിച്ചു തേടിയത് ആരോടാണ്? പ്രയാസ ഘട്ടങ്ങളിൽ വിശ്വാസിയുടെ തേട്ടം ആരോടാകണമെന്ന് ക്വുർആൻ പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ക്വുർആൻ 27:62).

ഭൗതിക ജീവിതത്തിലെ കേവല ബഹുമതികൾക്കും നേട്ടങ്ങൾക്കും വേണ്ടി തൗഹീദിന് വിരുദ്ധമായ ആശയം പ്രചരിപ്പിക്കുന്നവർ അഹ്‌ലുസ്സുന്നയെന്ന് സ്വയം വിശേഷിപ്പിക്കുന്നതിലെ വൈരുധ്യം എത്ര വലുതാണ്!

അല്ലാഹു പറയുന്നു: 'ലുക്വ്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ക്വുർആൻ 31:13).

ത്വരീക്വത്തിനെ കുറിച്ച് ലേഖകൻ പറയുന്നത് കാണുക: "വ്യാജ ത്വരീഖത്തുകളെയാണ് സമസ്ത എതിർക്കാറുള്ളത്. യഥാർഥ ത്വരീഖത്ത് സ്വീകരിക്കുന്നവരും അംഗീകരിക്കുന്നവരുമാണ് ആലിമീങ്ങളെല്ലാം. പരപ്പനങ്ങാടിയിൽ പഠിക്കുന്ന സമയത്താണ് ഹഖായ ഒരു ത്വരീഖത്ത് സ്വീകരിക്കണമെന്ന ആഗ്രഹം മനസ്സിൽ ഉദിക്കുന്നത്" (സുന്നിവോയ്സ്/2021 ജനുവരി 16-31/ പേജ് 39).

സ്വിറാത്തുൽ മുസ്തക്വീം എന്ന, അല്ലാഹുവും പ്രവാചകനും പഠിപ്പിച്ച യഥാർഥ ത്വരീക്വത്താണ് അഹ്‌ലുസ്സുന്നയുടേത്. അതിനപ്പുറം ഒരു 'യഥാർഥ' ത്വരീക്വത്ത് ഇല്ല. അതിനെ അവഗണിച്ചുകൊണ്ട് ആരെല്ലാമോ തട്ടിക്കൂട്ടുന്ന ത്വരീക്വത്തുകളെ സ്വർഗത്തിലേക്കുള്ള മാർഗമായി കാണുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണ് ജീവിക്കുന്നത്. മതത്തെ കുറിച്ച് തെറ്റിദ്ധാരണകൾ പരത്തുക എന്നതല്ലാതെ മറ്റെന്തു നന്മയാണ് ത്വരീഖത്തിന്റെ വക്താക്കളെക്കൊണ്ടുള്ളത്.

നേർമാർഗ സ്ഥിരതക്കായി റബ്ബിനോടുള്ള തേട്ടമാണ് വിശ്വാസികളിലുണ്ടാകേണ്ടത്: "ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല" (ക്വുർആൻ 1:6,7).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# അതിജീവന കല

ദുഃഖങ്ങളും വേദനകളുമില്ലാത്ത ആരും നമ്മുടെ കൂട്ടത്തിലില്ല. പുറമെ പ്രസന്നമുഖവും പുഞ്ചിരിയും പണിപ്പെട്ട് പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ആൾക്കൂട്ടത്തിൽനിന്ന് ഒറ്റയാകുമ്പോൾ തികട്ടിവരുന്ന മനോദുഃഖങ്ങളാൽ നെടുവീർപ്പുവലിക്കുന്ന എത്രയോപേരെ കാണാം. ഈ സ്വകാര്യദുഃഖങ്ങളെ മനഃക്കരുത്തോടെ അതിജീവിക്കാൻ ഒരു സത്യവിശ്വാസിക്കു സാധിക്കും. വിശ്വാസം ദൃഢമാണെങ്കിൽ അതിന്നു സാധിക്കണം. അതിജീവനകലയിൽ വിശ്വാസിയോളം വൈദഗ്ധ്യം വെച്ചുപുലർത്താൻ മറ്റാർക്കും സാധ്യമല്ല.

പ്രസിദ്ധ സ്വഹാബിവനിതയായ ഉമ്മുസുലൈ(റ)മിനെപ്പറ്റി അതിജീവനകലയുടെ ഒരു കഥയുണ്ട്. പ്രവാചകന്റെ നിഴൽപോലെ മദീനയിലെ പത്തുവർഷവും സഹവസിച്ച അനസ്ബിൻ മാലികി(റ)ന്റെ ഉമ്മയാണവർ. വിധവയായ ഉമ്മുസുലൈമിനെ പിന്നീട് അബൂത്വൽഹത്ത്(റ) വിവാഹംകഴിച്ചു. ഈ ബന്ധത്തിൽ ജനിച്ച അബൂഉമൈർ എന്ന കുഞ്ഞ് ചെറുപ്പം മുതലേ രോഗിയായിരുന്നു. അക്കാര്യത്തിൽ അബൂത്വൽഹത്തും ഉമ്മുസുലൈമും ഏറെ വേദന കടിച്ചിറക്കി ജീവിച്ചു. ഒട്ടും നിരാശപ്പെടാതെ അവർ കുട്ടിയെ ചികിത്സിച്ചുകൊണ്ടേയിരുന്നു. ഒരു ദിവസം അബൂത്വൽഹത്ത്(റ) ജോലിക്കുവേണ്ടി പുറത്തുപോയ സന്ദർഭത്തിൽ ഈ കുഞ്ഞ് മരണപ്പെട്ടു. ക്ഷീണിച്ചവശനായി ജോലികഴിഞ്ഞ് തിരിച്ചുവരുമ്പോൾ മരിച്ചുകിടക്കുന്ന തന്റെ കുഞ്ഞിനെ കണ്ടാൽ അബൂത്വൽഹത്തിനുണ്ടാവാനിടയുള്ള സങ്കടം ആ സ്ത്രീ നേരത്തെ കണ്ടറിഞ്ഞു. അവർ കുഞ്ഞിന്റെ മയ്യിത്ത് പുതപ്പിച്ച് വീടിന്റെ ഒരു മുറിയിൽ ഒളിപ്പിച്ചുവെച്ചു. അബൂത്വൽഹത്ത് വന്നപ്പോൾ കുളിച്ചൊരുങ്ങി നല്ല വസ്ത്രമുടുത്ത് മന്ദസ്മിതത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. ഭക്ഷണം കൊടുത്ത് കുശലം പറയാൻ തുടങ്ങി. അബൂത്വൽഹത്ത് കുഞ്ഞിനെ അന്വേഷിച്ചപ്പോൾ അവൻ സുഖമായി വിശ്രമത്തിലാണെന്ന് മറുപടി പറഞ്ഞു. പിന്നീടവർ കിടപ്പറയിലേക്ക് പോയി. സമാധാനപൂർവം അന്തിയുറങ്ങിയ അബൂത്വൽഹത്ത് ആ രാത്രിയിൽ തന്റെ ഭാര്യയുമായി ബന്ധത്തിലേർപ്പെട്ടു. നേരം പുലർന്നശേഷം മനസ്സിനെ കുളിരണിയിച്ച ഭർത്താവിനോട് ഉമ്മുസുലൈം ചോദിച്ചു: "ഒരു കൂട്ടർ മറ്റൊരു കൂട്ടർക്ക് വല്ലതും വായ്പകൊടുത്തത് തിരിച്ചാവശ്യപ്പെട്ടാൽ അവർ അത് തിരിച്ചുകൊടുക്കാൻ ബാധ്യസ്ഥരല്ലേ?" "അതെ, തിരിച്ചുകൊടുക്കണമല്ലോ" അബൂത്വൽഹ ഉറപ്പിച്ചു പറഞ്ഞു. "ശരി, അല്ലാഹു നമുക്ക് വായ്പതന്ന അബൂഉമൈറിനെ അവൻ തിരിച്ചുവാങ്ങിയിരിക്കുന്നു. താങ്കൾ ക്ഷമിക്കുക. പ്രതീക്ഷ കൈവിടാതിരിക്കുക."

അബൂത്വൽഹത്ത്(റ) സ്തബ്ധനായി. നാവനക്കാൻ കഴിയാത്ത ഒരാലസ്യത്തോടെ കുറെ നേരം അദ്ദേഹം സ്തംഭിച്ചിരുന്നു പോയി. പിന്നീട് ഇന്നാലില്ലാഹി... പറഞ്ഞു. അല്ലാഹുവിനെ സ്തുതിച്ചു. ശേഷം നബി(സ)യുടെ അടുത്തുചെന്ന് അബൂത്വൽഹത്ത്(റ) തലേ രാത്രിയിലെ സംഭവങ്ങളെല്ലാം വിവരിച്ചുകൊടുത്തു. നബി(സ) പറഞ്ഞു: "നിങ്ങളുടെ ഈ രാത്രിയിൽ അല്ലാഹു നിങ്ങൾക്ക് കുടുതൽ അനുഗ്രഹങ്ങൾ ചൊരിയട്ടെ." ആ ബന്ധത്തിലുണ്ടായ ഗർഭത്തിൽ പിറന്ന കുഞ്ഞായിരുന്നു പിൽക്കാലത്ത് ക്വുർആൻ പണ്ഡിതനായി അറിയപ്പെട്ട അബ്ദുല്ലാഹിബ്നു അബീത്വൽഹത്ത്(റ).

ചെറിയ പ്രയാസങ്ങൾ പോലും പെരുപ്പിച്ചുപറഞ്ഞ് കുടുംബ ജീവിതത്തിൽ അലോസരങ്ങളുണ്ടാക്കുന്ന സ്ത്രീകൾക്ക് ഒരു വലിയ മാതൃകയാണ് ഉമ്മു സുലൈം(റ). അതിജീവനശക്തി ദൈവബോധത്തിൽ കൂടി എങ്ങനെ ശീലിക്കാനാവുമെന്നതിന്റെ ഉദാഹരണമാണ് ഈ ദമ്പതിമാർ. 'അല്ലാഹുവേ നീ തന്നത് തടയാനോ, തടഞ്ഞുവെച്ചത് തരാനോ ആർക്കും കഴിയില്ല' എന്ന വിധിയിലുള്ള വിശ്വാസംകൊണ്ട് ഏത് മഹാപ്രതിബന്ധങ്ങളെയും അഭിമുഖീകരിക്കാനുള്ള മനഃശക്തി നമുക്ക് നേടാനാവും. "പറയുക: അല്ലാഹു ഞങ്ങൾക്കു രേഖപ്പെടുത്തിയതല്ലാതെ ഞങ്ങളെയൊന്നും ഒരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനന്മാർ. അല്ലാഹുവിന്റെമേൽ മാത്രമാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്" (ക്വുർആൻ 9:51).

ദുരന്തങ്ങളുടെ നെരിപ്പോടിൽ വെന്തുനീറിയിട്ടും മനഃശക്തി കൈവിടാതെ, അല്ലാഹുവിലുള്ള പ്രതീക്ഷമങ്ങാതെ അതിജീവിച്ച് ഉന്നതങ്ങളുടെ തോളിലേറിയ എത്രയോ മഹാമനുഷ്യരുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. "അറിയുക ദൈവസ്മരണകൊണ്ടത്രെ മനസ്സുകൾ ശാന്തമാവുക" (ക്വുർആൻ 13:28).

പി.എൻ സോമൻ
mail@nerpatham.com

അനുഭവം




# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

10

മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു ശിഷ്യന്മാരാണ് കുരിശുമരണം സ്ഥിരീകരിച്ചിട്ടുള്ളത്. വിശദീകരണങ്ങൾ നോക്കാം:

1. മത്തായി (27-32): യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോകുമ്പോൾ ശീമോൻ എന്നു പേരുള്ള കുറേനെക്കാരനെക്കൊണ്ടു കുരിശ് ചുമപ്പിക്കാൻ നിർബന്ധിക്കുന്നു.

2. മാർക്കോസ് (15-31): അവനെ കൊണ്ടുപോകുമ്പോൾ നാട്ടിൽപുറത്തുനിന്നു വന്ന കുറേനക്കാരനായ ശീമോനെക്കൊണ്ട് കുരിശ് ചുമക്കാൻ നിർബന്ധിച്ചു.

3. ലൂക്കോസ് (23-26): അവനെ കൊണ്ടുപോകുമ്പോൾ നാട്ടിൻപുറത്തുനിന്നു വന്ന കുറേനക്കാരൻ ശീമോനെക്കൊണ്ടു കുരിശു ചുമപ്പിച്ചു. യേശുവിനെ പിന്നാലെ നടത്തി.

4. യോഹന്നാൻ (19-17): അവർ യേശുവിനെ കയ്യേറ്റ് യേശു തന്നെത്താൻ കുരിശു ചുമന്നുകൊണ്ട് തലയോടിടം എന്ന സ്ഥലത്തേക്കു കൊണ്ടുപോയി.

മൂന്നു ശിഷ്യന്മാർ പറഞ്ഞതിനെതിരായി നാലാമൻ പറയുന്നു. ഇതിലേതു വിശ്വസിക്കും? ആരാണ് സത്യം പറഞ്ഞത്?

യേശുവിനെ തന്നെയാണോ ക്രൂശിച്ചതെന്നു മനസ്സിലാക്കാൻ പൂർവസംഭവ ചരിത്രങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്.

യഹോവയായ ഏകദൈവം ഓരോ കാലഘട്ടത്തിലും ഭൂമിയിൽ മനുഷ്യർക്കിടയിൽനിന്നും മനുഷ്യനെ ദൈവികശക്തികൾ നൽകി ദൂത് (സന്ദേശങ്ങൾ) ജനങ്ങളിൽ എത്തിക്കുന്നതിനും മനുഷ്യർ ദൈവമാർഗത്തിൽ ജീവിക്കുന്നതിനും ധർമം നിലനിർത്തുന്നതിനും ദൂതന്മാരെ (പ്രവാചകന്മാരെ) നിയോഗിച്ചിട്ടുള്ളതായി ബൈബിളിൽ ഉടനീളം കാണാൻ കഴിയും. എന്നാൽ യഹോവയാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ബൈബിൾ പരിചയപ്പെടുത്തുന്നതുമായ ഒരു ദൂതനെപ്പോലും അപകടങ്ങളിൽപ്പെടുത്തുന്നതും കൊലചെയ്യുന്നതുമായി കാണാൻ കഴിയില്ല. പിന്നെ ദയാലുവായ യേശുവിന് മാത്രം എങ്ങനെ ക്രൂരമായ മരണശിക്ഷ വിധിച്ചു?

### മോശെ പ്രവാചകൻ

ദുർഭരണാധികാരിയായ ഫറവോൻ ചക്രവർത്തിയുടെ അടിമത്തത്തിൽനിന്നും അടിമകളായ ജനങ്ങളുമായി മോശെ അടുത്ത ദേശത്തേക്ക് ഓടിപ്പോയി. വിവരമറിഞ്ഞ ഫറവോനും സൈന്യവും പിൻതുടർന്നു. മോശെയും ജനങ്ങളും ചെങ്കടൽത്തീരത്തെത്തി. തിരിഞ്ഞുനോക്കുമ്പോൾ ഫറവോനും സൈന്യവും! പിടിക്കപ്പെടുമെന്ന് ഉറപ്പായി. മോശെ പ്രവാചകൻ ദൈവത്തോട് പ്രാർഥിച്ചു. യഹോവ അരുളി: നിന്റെ കൈയിൽ ഇരിക്കുന്ന വടി കടലിൽ അടിക്കുക. മോശെ കടലിൽ അടിച്ചു. ക്ഷണനേരം കടൽ രണ്ടായി പിളർന്നു. മോശെയും ജനങ്ങളും മറുകര കടന്നു. പിന്നാലെ ചെന്ന ഫറവോനും സൈന്യവും ഇറങ്ങിയപ്പോൾ കടൽ പൂർവസ്ഥിതിയിലായി. അക്രമികളായ മുഴുവൻ പേരും മുങ്ങി മരിച്ചു.

### യോന പ്രവാചകൻ

യഹോവയുടെ കൽപന ലംഘിച്ച് കപ്പലിൽ കയറി യാത്ര പോയി. കാറ്റിൽ കപ്പൽ ആടിയുലഞ്ഞു. ഏതോ സത്യനിഷേധി കപ്പലിൽ ഉണ്ടെന്ന് ബോധ്യപ്പെട്ട അധികാരികൾ യാത്രക്കാരുടെ പേരിൽ കുറിയിട്ടു. യോനയുടെ പേര് കുറി വീണു. തൽക്ഷണം യോനയെ നടുക്കടലിൽ എറിഞ്ഞുകളഞ്ഞു. ഒരു വലിയ മത്സ്യം യോനയെ വിഴുങ്ങി. യഹോവ ഉദ്ദേശിച്ച ദേശത്ത് മത്സ്യം യോനയെ ഛർദിച്ചിട്ടു.

### ലോത്ത് പ്രവാചകൻ

മനുഷ്യരുടെ പ്രകൃതിവിരുദ്ധ ലൈംഗിക അരാജകത്വം ദേശത്തു വർധിച്ചപ്പോൾ സോദോം എന്ന പട്ടണത്തുനിന്നും ദൈവദൂതനായ ലോത്തിനെയും കുടുംബത്തെയും അവിടെനിന്നും മാറ്റിയശേഷം ആകാശത്തിൽനിന്നും അഗ്നിയിറക്കി പട്ടണം ചാരമാക്കി.

### ജോസഫ് പ്രവാചകൻ

ജോസഫിന്റെ പിതാവ് യാക്കോബ് മകനെ കൂടുതൽ സ്നേഹിക്കുന്നതിൽ അസൂയ തോന്നിയ സഹോദരങ്ങൾ ജോസഫിനെ തന്ത്രപൂർവം വിളിച്ചു കൊണ്ടുപോയി കിണറ്റിൽ എറിഞ്ഞു. എന്നാൽ കച്ചവട യാത്രാസംഘത്തെക്കൊണ്ട് ജോസഫിനെ രക്ഷിച്ചു. അദ്ദേഹം പിന്നീട് ഭരണാധികാരിയും രാജാവുമായി.

### അബ്രഹാം പ്രവാചകൻ

വിഗ്രഹാരാധനയെ എതിർക്കുകയും വിഗ്രഹങ്ങളെ നശിപ്പിക്കുകയും ചെയ്തതിന് അബ്രഹാമിനെ തീച്ചൂളയിൽ എറിഞ്ഞു. യഹോവയിൽ ദൃഢവിശ്വാസമുണ്ടായിരുന്ന അബ്രഹാമിന്റെ ഒരു രോമം പോലും നശിക്കാതെ മൂന്നാം നാൾ പുറത്തുവന്നു.

എന്നാൽ യഹോവയുടെ പ്രിയപുത്രനായി സംരക്ഷിച്ച്, സ്നേഹിച്ച യേശുവാകട്ടെ ക്രൂരമരണത്തിനിടയായി പോലും!

യേശു പറയുന്നു: "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തു

> **"ദൈവദൂതന്മാർ എന്നതുകൊണ്ട് ദൈവത്തിന്റെ സന്ദേശം വഹിക്കുന്നവർ എന്നാണല്ലോ അർഥമാക്കേണ്ടത്. സാക്ഷാൽ ദൈവമായ യഹോവയെ മാത്രമെ ആരാധിക്കാൻ പാടുള്ളൂ എന്നും അവൻ നിയോഗിച്ചയച്ച ഒരു ദൂതനെയും വിഗ്രഹത്തെയും വണങ്ങുകയോ പൂജിക്കുകയോ ചെയ്യരുതെന്നും അതിശക്തമായും കർശനമായും വിലക്കിയതായി ബൈബിൾ പഴയനിയമ പുസ്തകത്തിൽനിന്നും ആർക്കും ബോധ്യപ്പെടാവുന്നതാണ്. എന്നാൽ പള്ളി നിറയെ ആൺ പെൺ പ്രതിമകൾ കൊത്തിവെച്ചതായി കാണാം."**



ന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും!" (മത്തായി 7:7-11).

യേശു വധിക്കപ്പെടുമെന്നു മുൻകൂട്ടി മനസ്സിലാക്കി. മരണത്തെ ഏറെ ഭയന്നു: "ആ സ്ഥലത്തു എത്തിയപ്പോൾ അവൻ അവരോടു: "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു. താൻ അവരെ വിട്ടു ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി; പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംതന്നെയാകട്ടെ' എന്നു പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി" (ലൂക്കോസ് 22: 40-44).

യേശുവിന്റെ മനമുരുകിയുള്ള ഈ പ്രാർഥന തീർച്ചയായും യഹോവ സ്വീകരിക്കും. ഇല്ലെങ്കിൽ യേശുവിന്റെ വചനം പൂർത്തീകരിക്കില്ല.

"ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രായർ 5:7).

കുരിശുമരണത്തെക്കുറിച്ചു വിവരിക്കുന്ന മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാല് പേരും വിഭിന്ന വിവരണങ്ങളാണ് നൽകുന്നത്. ഈ അഭിപ്രായ വ്യത്യാസങ്ങൾ വിരൽ ചൂണ്ടുന്നത് കുരിശുമരണത്തെക്കുറിച്ച് ഇവർക്ക് നേരിട്ടറിവില്ലെന്നും കേട്ടുകേൾവിയും ഊഹാപോഹങ്ങളും മാത്രമണ് എന്നുമാണ്.

ശീമോനെ നിർബന്ധിച്ചെന്നും കുരിശു ചുമപ്പിച്ചെന്നും മൂന്നുപേരും പറയുന്നു. അത് അംഗീകരിക്കാം. 'കുറ്റവാളി'യുടെ വിചാരണ പൂർത്തിയാക്കി അവർക്കുള്ള കൊലമരവും (കുരിശ്) ചുമന്നുകൊണ്ട് കോൽഗത്ത മലയിൽ ചെല്ലുന്ന 'കുറ്റവാളി'യോട് യാതൊരു ദയയും കാണിക്കാതെ പടയാളികൾ കുരിശിൽ ആണിയടിച്ച് തൂക്കുന്നു!

യേശുവിന്റെ കുരിശുചുമന്നുകൊണ്ട് പോയ ശീമോൻ യേശുവിനെ കുരിശു തിരിച്ചേൽപിക്കുന്നതായും ശീമോനെ ഒഴിവാക്കിയതായും പറയുന്നില്ല. കുറ്റവാളിയാണ് കുരിശുചുമന്നു വരുന്നതെന്ന നിയമപ്രകാരം അയാളുടെ എതിർപ്പുകൾ ഒന്നും വകവെക്കാതെ ശീമോനെയാണ് കുരിശിൽ തൂക്കിയതെന്ന് വിശ്വസിക്കുന്നതിൽ എന്താണു തെറ്റ്?

ഈ സമയം കരുണാനിധിയായ യഹോവ തന്റെ പ്രിയ പുത്രനെ സ്വർഗത്തിലേക്ക് ഉയർത്തി. ദയാലുവായ യേശു മരിച്ചിട്ടില്ല. ക്രൂരമരണത്തിനു യോഗ്യനുമല്ല. ആകാശലോകത്തുണ്ട്. ഇതാണ് ഞാൻ മനസ്സിലാക്കുന്നത്.


ഉയർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാരുടെ അടുത്തുചെന്ന യേശുവിനെ ശിഷ്യന്മാർ സംശയിക്കുന്നതും യേശു ക്രൂശിക്കപ്പെട്ടില്ല എന്നതിലേക്കാണ് ചൂണ്ടുന്നത്. ശിഷ്യന്മാർക്കിടയിൽ യേശു പ്രത്യക്ഷപ്പെട്ടു. അവനെ കണ്ടപ്പോൾ അവർ ഭയന്നു:

"ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കു

മ്പോൾ അവൻ അവരുടെ നടുവിൽ നിന്നു: ('നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞു). അവർ ഞെട്ടി ഭയപ്പെട്ടു; ഒരു ഭൂതത്തെ കാണുന്നു എന്നു അവർക്കു തോന്നി" ലൂക്കോസ് (24:36,37).

ശിഷ്യന്മാർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു നിന്നു. അവർ ഞെട്ടി ഭയപ്പെട്ടുപോയി. ഒരു ഭൂതത്തെ കാണുന്നു എന്നവർക്ക് തോന്നി. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. ശിഷ്യന്മാർ യേശുവിനെ സംശയിച്ചപ്പോൾ, യേശുതന്നെ പറയുന്നു; 'ഞാൻ ക്രിസ്തു ആകുന്നു. അവിശ്വസിക്കാതെ വിശ്വസിക്കുക' എന്ന്. മാത്രമല്ല യേശുവിന്റെ ശരീരത്തിലുണ്ടായ മുറിവുകൾ സ്പർശിച്ചു ബോധ്യപ്പെടുത്തേണ്ട ഗതികേടാണുണ്ടായത്.

വർഷങ്ങളോളം യേശുവിന്റെകൂടെ നടക്കുകയും ഭക്ഷണം കഴിക്കുകയും അന്തിയുറങ്ങുകയും ചെയ്തവർക്ക് യേശുവിന്റെ രൂപവും സംസാരവും ശബ്ദവുമെല്ലാം വളരെ പരിചിതമായിരിക്കും. അതിനാൽ ശിഷ്യന്മാർക്ക് ഒറ്റനോട്ടത്തിൽതന്നെ തിരിച്ചറിയാം. ശബ്ദം മാത്രം മതിയല്ലോ തിരിച്ചറിയാൻ. അടുത്തു വസിക്കുന്നവർക്ക് ഗന്ധം പോലും തിരിച്ചറിയാൻ കഴിയും. യേശുവിനെ കണ്ട സ്ത്രീകളും സംശയിക്കുന്നു. ശിഷ്യന്മാർ അത് യേശുവോ, ഭൂതമോ എന്ന് സംശയിക്കുന്നുവെങ്കിൽ ആ പ്രത്യക്ഷപ്പെട്ടത് യേശുവല്ല എന്നുള്ളതാവാം സത്യം.



യേശു പറഞ്ഞു: 'സമാധാനമുള്ളവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും.' അപ്പോൾ യേശു മാത്രമല്ല; കോടിക്കണക്കിനു ദൈവപുത്രന്മാർ ഭൂമിയിലുണ്ടല്ലോ!

യേശു പറഞ്ഞു: 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ വഴിയാണ്; നേരായ വഴി. ഞാൻ സത്യമാണ്. ദൈവദൂതനായ എനിക്ക് ഒരു അസത്യവും പ്രവർത്തിക്കുക സാധ്യമല്ല.'

ഞാൻ പറയുന്നത് സത്യമായി വിശ്വസിച്ച് ഞാൻ കാണിച്ച വഴികളിലൂടെ മാത്രം സഞ്ചരിച്ചാൽ അങ്ങനെയുള്ളവർക്ക് (ഏകദൈവമായ യഹോവയിൽ മാത്രം വിശ്വസിക്കുന്നവർക്ക്) നിത്യമായ ജീവനുണ്ട് (സ്വർഗരാജ്യം) എന്നതല്ലേ ഇപ്പറഞ്ഞതിനർഥം?

യേശു ലോകജനതയുടെ മുഴുവൻ രക്ഷിതാവോ? ഇതുകൂടി പരിശോധിക്കേണ്ടതുണ്ട്.

"ആ ദേശത്തുനിന്നു ഒരു കനാന്യസ്ത്രീ വന്നു, അവനോടു: കർത്താവേ, ദാവീദ്പുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോടു ഒരു വാക്കും ഉത്തരം പറഞ്ഞില്ല; അവന്റെ ശിഷ്യന്മാർ അടുക്കെ, വന്നു: അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു; അവളെ പറഞ്ഞയക്കേണമേ എന്നു അവനോടു അപേക്ഷിച്ചു. അതിന്നു അവൻ: 'യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല' എന്നു ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു: കർത്താവേ, എന്നെ സഹായിക്കേണമേ എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. അവനോ: 'മക്കളുടെ അപ്പം എടുത്തു നായക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല' എന്നു ഉത്തരം പറഞ്ഞു. അതിന്നു അവൾ: അതേ, കർത്താവേ, നായക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു" മത്തായി (15:22-27).

"ഈ പന്ത്രണ്ടുപേരെയും യേശു അയക്കുമ്പോൾ അവരോടു ആജ്ഞാ

പിച്ചതെന്തെന്നാൽ: 'ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നേ ചെല്ലുവിൻ. നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ'' (മത്തായി 10:5-7).

"എന്നാൽ ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്കു ഓടിപ്പോകുവിൻ. മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രായേൽ പട്ടണങ്ങളെ സഞ്ചരിച്ചുതീരുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 10:23).

നിങ്ങൾ ഇസ്രായേൽകാരുടെ ഇടയിലും അവരുടെ പട്ടണത്തിലും മാത്രമെ പോകാവൂ. അന്യജാതിക്കാരുടെ ഇടയിലും പട്ടണത്തിലും പോകരുത് എന്നാണ് യേശു ശിഷ്യന്മാർക്ക് കൊടുക്കുന്ന മുന്നറിയിപ്പ്. യേശു ഇസ്രായേൽ ജനതയിലേക്ക് മാത്രം വന്നയാളാണെന്നു സ്വയം പറയുകയും ശിഷ്യന്മാരെ ബോധ്യപ്പെടുത്തുകയും ചെയ്യുമ്പോൾ യേശുവിനെ ലോകരക്ഷിതാവാക്കിയത് ആര്? ഇത് അംഗീകരിക്കാൻ കഴിയുമോ?

യേശു ജീവിച്ചിരുന്നപ്പോൾ നിരോധിച്ച കാര്യം ചെയ്യാൻ ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാരോടു കൽപിച്ചുപോലും!

'നിങ്ങൾ പോയി എന്റെ നാമം ലോകം മുഴുവൻ പ്രകീർത്തിക്കുകയും രോഗശാന്തിയും അത്ഭുതപ്രവൃത്തികളും സ്നാനം മുക്കലും എല്ലാം ചെയ്യുവിൻ' എന്ന് ഉയിർത്തെഴുന്നേറ്റ ശേഷം പറഞ്ഞുവെന്ന് എങ്ങനെ അംഗീകരിക്കാനും വിശ്വസിക്കാനും കഴിയും?



ഇപ്പോൾ നാം കാണുന്ന; യേശുവിന്റെ പലവിധ രൂപങ്ങളുടെയും കുരിശാരാധനയുടെയും യാഥാർഥ്യമെന്ത്?

2012 വർഷം മുമ്പ് ശാസ്ത്രം ഇന്നത്തെ പോലെ വികസിച്ചിട്ടില്ല. കമ്പ്യൂട്ടർ കണ്ടെത്തിയിട്ടില്ല. നാം കാണുന്നതും ആരാധിക്കപ്പെടുന്നതുമായ യേശുവിന്റെ ഭംഗിയുള്ള ചിത്രങ്ങൾ എവിടെനിന്നു കിട്ടിയതാണ്? ഏതു ക്യാമറയിൽ (സ്റ്റുഡിയോയിൽ) പകർത്തിയതാണ്?

തനിക്ക് ഏറ്റവും പ്രിയപ്പെട്ട യേശു തറയ്ക്കപ്പെട്ട കുരിശിന്റെ രൂപം സ്വർണത്തിലും വെള്ളിയിലും തടിയിലുമൊക്കെ രൂപപ്പെടുത്തി അതിനെ പൂജിച്ചും ശരീരത്തിൽ അണിഞ്ഞും വാഴ്ത്തുമ്പോൾ എന്താണ് അർഥമാക്കേണ്ടത്? തന്റെ പിതാവിനെ ഒരാൾ വെടിവെച്ചു കൊന്നാൽ പിന്നീട് മകൻ തോക്കിനെ പുണ്യവസ്തുവായി ശരീരത്തിലണിഞ്ഞും ആരാധിച്ചും നടക്കുന്നുവെങ്കിൽ അയാളെക്കുറിച്ചു നാം എന്താണ് പറയുക?

കുരിശ് ശാപത്തിന്റെ ചിഹ്നമാണെന്നും ക്രൂശിക്കപ്പെട്ടവർ ശപിക്കപ്പെട്ടവരാണെന്നും ബൈബിൾ പറയുന്നുണ്ട് എന്നത് മറക്കാതിരിക്കുക.

യേശു ചെയ്തിട്ടുള്ള അത്ഭുതപ്രവൃത്തികൾ മനുഷ്യർക്കിടയിൽ ഉയർത്തിക്കാണിച്ചും അതു വിശ്വസിച്ചുമാണ് പല പുതുവിശ്വാസികളും ക്രൈസ്തവതയിലേക്ക് കടന്നുചെല്ലുന്നത്. മരിച്ചവരെ ജീവിപ്പിക്കുന്നു, കുഷ്ഠരോഗികൾക്ക് ശമനം നൽകുന്നു, കുരുടന് കാഴ്ച നൽകുന്നു... ഇങ്ങനെ പലതും. എന്നാൽ ഇതിനെല്ലാം യേശുവിന് ഒറ്റ മറുപടിയേയുള്ളൂ; 'ഞാൻ ചെയ്യുന്ന അത്ഭുതപ്രവൃത്തികളൊന്നും എന്റെതല്ല; എന്നെ അയച്ച പിതാവിൽനിന്നുള്ളതത്രെ.'

ദൈവനിഷേധികളായ ഇസ്രായേൽ ജനതയെ ദൈവമാർഗത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ദൗത്യം യേശുവിനായിരുന്നു. അപ്പോൾ യേശു പറയുന്നതും പ്രവർത്തിക്കുന്നതും സത്യമാണെന്നു ജനങ്ങൾക്കു ബോധ്യപ്പെടുന്നതിനു വേണ്ടിയും വിശ്വസിക്കുന്നതിനു വേണ്ടിയും പല അത്ഭുതപ്രവൃത്തികളും യേശുവിൽ കൂടി യഹോവ നടപ്പിലാക്കി. ഇതാണ് സത്യം.

ശാസ്ത്രലോകം അവകാശപ്പെടുന്നു; 400 കോടി വർഷം പഴക്കമുണ്ട് ഭൂമിക്ക് എന്ന്. എന്നാൽ വെറും 2020 വർഷമെ ആയിട്ടുള്ളൂ യേശു ജനിച്ചിട്ടും അപ്രത്യക്ഷമായിട്ടും! അപ്പോൾ 2020ന് മുമ്പും പിമ്പും കോടാനുകോടി മനുഷ്യർ ഭൂമിയിൽ ജനിച്ചിട്ടുണ്ട്; മരിച്ചിട്ടുണ്ട്. യേശുവിനെക്കുറിച്ച് കേൾക്കുക പോലും ചെയ്യാത്തവർ. ഇവരുടെയെല്ലാം പാപത്തിന്റെ അവസ്ഥയെന്ത്? ആരാണ് അത് ഏറ്റെടുത്തത്?

**(തുടരും)**





ഡോ. സ്വാലിഹ് ബിൻ ഫൗസാൻ
mail@nerpatham.com

വിവർത്തനം

ബിദ്അത്തിന്റെ ഇനങ്ങളും അവയുടെ വിധികളും 3

# ആരാധനകളിലെ ബിദ്അത്ത്

ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ വ്യക്തികളെക്കൊണ്ടും ആഥാറുകൾകൊണ്ടും സ്ഥലങ്ങൾകൊണ്ടും ബറകത്തെടുക്കൽ:

നന്മയിൽ ഉറച്ചുനിൽക്കലും അതിൽ വർധനവ് ആവശ്യപ്പെടലുമാണ് 'തബർറുക്' കൊണ്ട് അർഥമാക്കുന്നത്. എന്നാൽ ഈ കാര്യം ഉടമപ്പെടുത്തിയിട്ടുള്ളവനും അതിന് കഴിവുള്ളവനുമായവനോടാണത് ചോദിക്കേണ്ടത്. അത് അല്ലാഹു മാത്രമാണ്. അവനാണ് അനുഗ്രഹത്തെയും നന്മയെയും ഇറക്കുന്നവനും അതിൽ ഉറപ്പിച്ചുനിർത്തുന്നവനും. എന്നാൽ സൃഷ്ടികൾ, അവർക്ക് നൽകാനോ ഉണ്ടാക്കുവാനോ അതിനെ സ്ഥിരപ്പെടുത്തി നിർത്താനോ

സാധ്യമല്ല. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ വ്യക്തികളെ കൊണ്ടോ ആഥാറുകൾ (അടയാളങ്ങൾ), സ്ഥലങ്ങൾ തുടങ്ങിയവകൊണ്ടോ ബറകത്തെടുക്കൽ അനുവദനീയമല്ല. കാരണം ആ വസ്തുവോ വ്യക്തിയോ ബറകത്ത് നൽകുമെന്ന് വിശ്വസിച്ചാൽ അത് ശിർക്കാണ്. അല്ലെങ്കിൽ അതിനെ സന്ദർശിക്കലും തൊട്ടുതലോടലും അല്ലാഹുവിൽനിന്ന് ബറകത്ത് കിട്ടാനുള്ള കാരണമാണെന്ന് വിശ്വസിച്ചാൽ അത് ശിർക്കിലേക്കുള്ള മാർഗമാണ്.

എന്നാൽ നബിﷺയുടെ മുടി, ഉമിനീർ തുടങ്ങി നബിﷺയുടേ ശരീരത്തിൽനിന്നും വേറിട്ട് പോന്നിരുന്ന വസ്തുക്കൾകൊണ്ട് ബറക്കത്തെടുത്തിരുന്നത് നബിﷺയിലും അവിടുത്തെ ജീവിതകാലത്തും മാത്രം ചുരുക്കപ്പെട്ടതാണ്. കാരണം നബിﷺയുടെ മരണശേഷം അവിടത്തെ റൂമിനെയോ കബ്റിനെയോ തൊട്ടുതലോടിക്കൊണ്ട് സ്വഹാബത്ത് ബറകത്തെടുത്തിരുന്നില്ല. നബിﷺ നമസ്കരിക്കുകയോ ഇരിക്കുകയോ ചെയ്തിരുന്ന സ്ഥലങ്ങൾ ലക്ഷ്യംവെച്ചുകൊണ്ട് ബറകത്തുദ്ദേശിച്ച് പോവുകയും ചെയ്തിരുന്നില്ല. അതുപോലെ സ്വാലിഹുകളും ഔലിയാക്കളുമായിരുന്ന അബൂബക്കർ(റ), ഉമർ(റ) തുടങ്ങിയ ഉത്തമ സ്വഹാബികളെക്കൊണ്ടും അവർ ജീവിച്ചിരിക്കെയോ അവരുടെ മരണശേഷമോ ബറകത്തെടുക്കാൻ സ്വഹാബത്ത് ഉപയോഗപ്പെടുത്തിയിരുന്നില്ല. പ്രാർഥിക്കാനോ നമസ്കരിക്കാനോ ഹിറാഗുഹയിലേക്ക് അവർ പോയിരുന്നില്ല. അല്ലാഹു മൂസാ നബി(അ)യോട് സംസാരിച്ച ത്വൂർ പർവതത്തിലേക്കും അവർ പോയിട്ടില്ല. ഏതെങ്കിലും നബിമാരുമായി ബന്ധപ്പെട്ടതോ അവരുടെ അടയാളങ്ങളുമായി ബന്ധപ്പെട്ടതോ ആയ ഒരു മലയിലേക്കും മറ്റൊരു സ്ഥലത്തേക്കും അവരാരും പോയിട്ടില്ല.

മദീനയിൽ നബിﷺ സ്ഥിരമായി നമസ്കരിച്ചിരുന്ന സ്ഥലങ്ങളിൽ സലഫുകൾ തൊടുകയോ ചുംബിക്കുകയോ ചെയ്തിരുന്നില്ല. മക്കയിൽ നമസ്കരിച്ചിരുന്ന സ്ഥലത്തും അവരത് ചെയ്തിട്ടില്ല. ആദരണീയമാക്കപ്പെട്ട തങ്ങളുടെ കാലുകളാൽ നടക്കപ്പെടുകയും നമസ്കാരം നിർവഹിക്കപ്പെടുകയും ചെയ്ത



സ്ഥലങ്ങളിൽ സ്പർശിക്കാനും ചുംബിക്കാനുമുള്ള മതപരമായ അനുവാദം തന്റെ സമുദായത്തിന് ആ പ്രവാചകൻ നൽകിയിട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് പ്രവാചകനല്ലാത്ത മറ്റുള്ള ആളുകൾ നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്ത സ്ഥലങ്ങൾ അനുവദനീയമാകുന്നത്? ഇത്തരം കാര്യങ്ങളൊന്നും നബിﷺ പഠിപ്പിച്ച ശരീഅത്തിൽ പെട്ടതല്ല.

### അല്ലാഹുവിലേക്ക് സാമീപ്യം നേടുന്നതിലും ആരാധനകളിലുമുള്ള ബിദ്അത്ത്

ആരാധനാ മേഖലയിൽ ഉണ്ടാക്കപ്പെട്ട ബിദ്അത്തുകൾ ഈ കാലത്ത് അനവധിയാണ്. അല്ലാഹുവും റസൂലും പഠിപ്പിച്ചേടത്ത് നിൽക്കുകയാണ് ആരാധനയുടെ കാര്യങ്ങളിൽ ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. തെളിവിന്റെ അടിസ്ഥാനത്തിലല്ലാതെ ഒന്നും ചെയ്യാൻ പാടില്ല. തെളിവില്ലാത്തത് ബിദ്അത്താണ്. നബിﷺ പറഞ്ഞു: "നമ്മുടെ കൽപനയില്ലാത്ത വല്ലതും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്."

തെളിവില്ലാതെ ആരാധനകളുമായി ബന്ധപ്പെട്ട് ഇന്ന് ആളുകൾ ചെയ്തുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു:

1. നിയ്യത്ത് ഉറക്കെ പറയൽ: 'നവൈത്തു ഉസ്വല്ലീ...' എന്ന് തുടങ്ങുന്ന ആ ചൊല്ലിപ്പറയൽ ബിദ്അത്താണ്. കാരണം അത് പ്രവാചകന്റെ നടപടിയല്ല. അല്ലാഹു പറയുന്നത് കാണുക: (ഹുജറാത്ത് 16)

"നീ പറയുക: നിങ്ങളുടെ മതത്തിനെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ, ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു ഏതുകാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു"(ഹുജ്റാത്ത് 16).

നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്. ഹൃദയത്തിന്റെ പ്രവർത്തനമാണ് നിയ്യത്ത്. നാവിന്റെതല്ല.

2. നമസ്കാരശേഷമുള്ള കൂട്ട ദിക്ർ: നമസ്കാര ശേഷം ദിക്റുകൾ ഓരോ വ്യക്തികളും സ്വയം നിർവഹിക്കുക എന്നതാണ് പ്രവാചകചര്യ. ഇതിനപ്പുറം പോകാൻ പാടില്ല.

3. 'അൽഫാതിഹ' വിളിക്കൽ: ചില സദസ്സുകളും മയ്യിത്തിന് വേണ്ടി പ്രാർഥിക്കുന്ന വേളകളിലും വിവാഹ വേളയിലും ഈ ബിദ്അത്ത് സർവസാധാരണമാണ്.

4. മരണവീട്ടിൽ വിലാപങ്ങൾ സംഘടിപ്പിക്കലും ഓത്തുകാരെ വാടകക്ക് കൊണ്ടു വരലും ഭക്ഷണമുണ്ടാക്കലും: ഇതെല്ലാം നബിﷺ അനുവദിച്ച അനുശോചനത്തിൽ പെട്ടതാണെന്നാണ് ആളുകളുടെ വാദം. അല്ലെങ്കിൽ ഇതെല്ലാം മയ്യിത്തിന് ഉപകാരപ്പെടുമെന്നും അവർ കരുതുന്നു. ഇവയെല്ലാം ബിദ്അത്തുകളാണ്. ഒരു അടിസ്ഥാനവും അവയ്ക്കില്ല. അല്ലാഹു ഒരു തെളിവും അവതരിപ്പിച്ചിട്ടുമില്ല.

5. മതവുമായി ബന്ധമുള്ള ദിവസങ്ങൾ ആഘോഷിക്കുക: ഉദാഹരണമായി, ഇസ്റാഅ്- മിഅ്റാജ്, പ്രവാചകന്റെ ഹിജ്റ.... ഇവയ്ക്കൊന്നും മതത്തിൽ യാതൊരു അടിസ്ഥാനവുമില്ല.

6. റജബു മാസത്തിലെ പ്രത്യേക ഇബാദത്തുകൾ: (നോമ്പ്, നമസ്കാരം, ഉംറ, പല നാടുകളിലും ഈ വിശ്വാസം നിലവിലുണ്ട്) യഥാർഥത്തിൽ മറ്റു മാസങ്ങളെക്കാൾ ഒരു പ്രത്യേകതയും ഈ മാസത്തിനില്ല.

7. സ്വൂഫികൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന പലതരം ദിക്റുകൾ: ഇവയെല്ലാം തന്നെ സമയം, രൂപം, ഭാവം, എന്നിത്യാതി കാര്യങ്ങളിലെല്ലാം അല്ലാഹു പഠിപ്പിച്ചതിന് എതിരാണ്.

8. നോമ്പനുഷ്ഠിച്ചും നമസ്കരിച്ചും ശഅ്ബാൻ 15ന് പ്രത്യേകത നൽകൽ: (ബറാഅത്ത് രാവ്) ഈ വിഷയത്തിൽ നബിﷺയിൽനിന്ന് ഒന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

9. ക്വബ്റുകൾക്ക് മുകളിൽ എടുപ്പുണ്ടാക്കൽ, അതിനെ ആരാധനാസ്ഥലമാക്കൽ, മരിച്ചവരെക്കൊണ്ട് തവസ്സുൽ, തബർറുക്ക് എന്നീ ശിർക്കൻ ലക്ഷ്യങ്ങൾക്ക് വേണ്ടി അവ സിയാറത്ത് ചെയ്യൽ, സ്ത്രീകൾ ക്വബ്റുകൾ (ധാരാളമായി) സന്ദർശിക്കൽ: ഇവയെല്ലാം ബിദ്അത്തുകളാണ്. കൂടുതലായി ക്വബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളെയും ക്വബ്റിൻമേൽ പള്ളികളുണ്ടാക്കുന്നവരെയും അവിടെ വിളക്കു കത്തിക്കുന്നവരെയും നബിﷺ ശപിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, കുഫ്റിലേക്കുള്ള വഴിയാണ് ബിദ്അത്തുകൾ. കാരണം അല്ലാഹുവോ റസൂലോ പഠിപ്പിക്കാത്ത കാര്യങ്ങൾ മതത്തിൽ അധികരിപ്പിക്കലാണത്. ഏറ്റവും വലിയ ശർറാണ് ബിദ്അത്ത്. മഹാപാപങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷമാണ് ബിദ്അത്തിന്റെ അവസരങ്ങളിൽ പിശാചിനുണ്ടാകുന്നത്. കാരണം തെറ്റുചെയ്യുന്ന വ്യക്തി അത് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ തൗബ ചെയ്തുമടങ്ങും. എന്നാൽ ബിദ്അത്തുചെയ്യുന്നവന്റെ അവസ്ഥ അതല്ല. ഇത് ദീനാണെന്നും അല്ലാഹുവിലേക്കടുപ്പിക്കുന്ന പുണ്യകർമമാണെന്നും കരുതിക്കൊണ്ടാണ് അവനത് ചെയ്യുന്നത്. അവൻ ഒരിക്കലും തൗബ ചെയ്യുകയില്ല. ബിദ്അത്തുകൾ സുന്നത്തുകളെ ഇല്ലാതെയാക്കും. സുന്നത്തുകൾ ചെയ്യുന്നതിനോട് ബിദ്അത്തിന്റെ കക്ഷികൾക്ക് വെറുപ്പുണ്ടാക്കുന്നു. സുന്നത്തിന്റെ കക്ഷികളോടും അവർക്ക് വെറുപ്പുതന്നെ. ബിദ്അത്ത് അല്ലാഹുവിൽ നിന്ന കറ്റുകയും അവന്റെ കോപത്തിനും ശിക്ഷക്കും പാത്രമാക്കിത്തീർക്കുകയും ഹൃദയത്തിന്റെ വ്യതിചലനത്തിനും വ്യതിയാനത്തിനും കാരണമായിത്തീരുകയും ചെയ്യുന്നു.



ടി.കെ.അശ്റഫ്
tkashraf100@gmail.com



# സമ്പത്തുണ്ടാക്കാൻ കുറുക്കുവഴികൾ തേടുന്നവർ

"തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെ. തീർച്ചയായും അവൻ അതിന്ന് സാക്ഷ്യം വഹിക്കുന്നവനുമാകുന്നു. തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനാകുന്നു" (ക്വുർആൻ 100:6-8).

ഈ ക്വുർആൻ വചനത്തിൽ മനുഷ്യനെ കുറിച്ച് മൂന്നു കാര്യങ്ങൾ പറയുന്നു: ഒന്ന്) മനുഷ്യൻ തന്റെ രക്ഷിതാവായ അല്ലാഹുവിനോട് നന്ദികെട്ടവനാണ്. രണ്ട്) അതിന് അവൻ തന്നെ അഥവാ അവന്റെ പ്രവൃത്തികൾതന്നെ സാക്ഷിയാണ്. മൂന്ന്) അവൻ സമ്പത്തിനോട് അങ്ങേയറ്റം സ്നേഹമുള്ളവനാണ്.

ധനത്തോട് അത്യാർത്തിയുണ്ടാകുമ്പോൾ മനുഷ്യൻ സ്രഷ്ടാവിനെയും സൃഷ്ടികളെയും വിസ്മരിക്കും എന്നതാണ് വസ്തുത. എങ്ങനെയെങ്കിലും സമ്പന്നനായിത്തീരുക, സുഖിച്ച് ജീവിക്കുക എന്നതു മാത്രമായിരിക്കും അവന്റെ ചിന്ത. അതോടെ മതത്തിന്റെ വിധികളും വിലക്കുകളും അവൻ അവഗണിക്കും.

ഈ ധനമോഹത്തിന്റെ അടയാളമാണ് പലിശ, ചൂതാട്ടം, ലോട്ടറി, മോഷണം... തുടങ്ങിയ എല്ലാവിധ അധാർമിക മാർഗങ്ങളിലൂടെയും പണമുണ്ടാക്കാനുള്ള ശ്രമം. ഇത് ഇന്റർനെറ്റിന്റെയും ഓൺലൈനിന്റെയും കാലമാണല്ലോ. ഇപ്പോൾ ഈ വഴിക്കുള്ള സാമ്പത്തിക തട്ടിപ്പുകൾ ധാരാളമായി നടക്കുന്നുണ്ട്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായി തമിഴ്നാട്ടിൽ 17 പേരാണ് ഇതിനകം ആത്മഹത്യ ചെയ്തിരിക്കുന്നത്. ഇതോടെ തമിഴ്നാട് സർക്കാർ ഉണർന്നു. ഓൺലൈനിലുള്ള സാമ്പത്തിക തട്ടിപ്പിന് അറുതിവരുത്താൻ സർക്കാർ പുതിയ ബിൽ നിയമസഭയിൽ പാസാക്കുകയും ചെയ്തു. കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം, കമ്പ്യൂട്ടർ നെറ്റ്വർക്ക് എന്നിവയിൽ സൈബർ സ്പേസ് ഉപയോഗിച്ച് ഓൺലൈൻ പന്തയമോ ഗെയിമോ കളിക്കുന്നത് അവിടെ വിലക്കിയിട്ടുണ്ട്. ഓൺലൈൻ റമ്മി, പോക്കർ എന്നിവയും പണം വെച്ച് കളിക്കുന്ന മറ്റു ഓൺലൈൻ മത്സരങ്ങളും വിലക്കിയവയിൽ ഉൾപ്പെടും. നിയമം ലംഘിക്കുന്നവർക്ക് രണ്ടു വർഷം തടവോ പതിനായിരം രൂപ പിഴയോ ഇവ രണ്ടും ഒരുമിച്ചോ ലഭിക്കും. ഓൺലൈൻ ഗെയിം വരുമാനത്തിനായി കമ്പനികൾ നടത്തുന്നതും കുറ്റകരമാക്കിയിട്ടുണ്ട്. വളരെ നല്ല കാര്യം.

എല്ലാ വിഷയങ്ങളിലും ഒരുപടി മുന്നിലാണെന്ന് അഭിമാനിക്കുന്ന കേരളം ഇക്കാര്യത്തിൽ തമിഴ്നാടിന്റെ പിറകിലാണ്. 1930ലെ തമിഴ്നാട് ഗെയിമിംഗ് ആക്ടിൽ ഭദഗതി വരുത്തിക്കൊണ്ടാണ് തമിഴ്നാട് പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്. കേരളമാകട്ടെ, ഓൺലൈൻ ഇത്ര വ്യാപകമാകുന്നതിന് മുമ്പ് (1960ൽ) പാസാക്കിയ നിയമമനുസരിച്ചാണ് ഇപ്പോഴും ഓൺലൈൻ ഗെയിം കുറ്റകൃത്യങ്ങളിൽ ഇടപെടുന്നത്!

ഓൺലൈൻ റമ്മിയെ പ്രമോട്ട് ചെയ്തുകൊണ്ടുള്ള ഫുൾ പേജ് പരസ്യം പ്രസിദ്ധീകരിക്കാൻ മലയാള പത്രങ്ങൾക്ക് യാതൊരു മടിയുമില്ല. അതോടൊപ്പം സാമ്പത്തിക തട്ടിപ്പിനിരയായി ആത്മഹത്യകൾ സംഭവിക്കുമ്പോൾ അവർ കണ്ണുനീരൊഴുക്കി ലേഖന പരമ്പര തന്നെ പ്രസിദ്ധീകരിക്കും!

കേരളം സാമ്പത്തിക ചൂഷണത്തിന്റെ അലമാലയിൽ പെട്ട് ഇനിയും ആടിയുലയരുത്. തട്ടിപ്പിലേക്ക് വഴിവെക്കുന്ന പരസ്യങ്ങളെ തിരസ്കരിക്കാൻ ആർജവം കാണിക്കുന്ന പത്രങ്ങളും ചൂഷണത്തിന്റെ വേരറുക്കുന്ന വിധം നിയമനിർമാണം നടത്താനും കുറ്റവാളികളെ പിടികൂടി അർഹിക്കുന്ന ശിക്ഷവാങ്ങിക്കൊടുക്കാനും ഇഛാശക്തി കാണിക്കുന്ന ഭരണകൂടവുമാണ് നമുക്കാവശ്യം. ഓൺലൈൻ തട്ടിപ്പിന് തടയിടാൻ നിയമം കൊണ്ടുവരാനുള്ള ആലോചന സർക്കാർതലത്തിൽ നടക്കുന്നതായാണ് വിവരം. എത്രയും പെട്ടെന്നുതന്നെ നടപ്പാകുമെന്നു പ്രതീക്ഷിക്കാം.

GREEN VALLEY INSTITUTIONS

# GREEN HOME

## RESIDENTIAL CAMPUS FOR BOYS



## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

**Green Valley Campus**
**Nellikkaparamba, Mukkam,**
**Calicut, Pin: 673602**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 FEBRUARY 20

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomstudents

Scan here for Registration

WISDOM students

# 25th PROFCON

## PROFESSIONAL STUDENTS GLOBAL CONFERENCE



TO THE RIGHT GOAL...
**THROUGH THE RIGHT PATH..**

THIS TIME WE GO ONLINE

Live Streaming On www.profcon.in

2021
FEBRUARY
25 26 27 28

edifice
Centre for Islamic Studies & Guidance

peaceradio
Tune to reality

WISDOM students

CV Complex,
PV Sami Road, Kozhikkode
9562 01 40 50